2023
MAY
13
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ഹ്യുണ്ടായ് തമിഴ്നാട്ടിൽ 20,000 കോടി നിക്ഷേപിക്കും

**ചെന്നൈ:** കൊറിയൻ വാഹനനിർമാതാക്കളായ ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ 20,000 കോടി രൂപ ചെലവിൽ ഇലക്ട്രിക് വാഹന ഘടക നിർമാണ യൂണിറ്റ് സ്ഥാപിക്കാൻ തമിഴ്നാടുമായി ധാരണാപത്രം ഒപ്പിട്ടു. 10 വർഷ കാലയളവിനുള്ളിൽ (20232032) നടത്തുന്ന നിക്ഷേപം വഴി ഉൽപാദനം വർധിപ്പിക്കാനും പുതിയ ഇലക്ട്രിക് മോഡൽ വാഹനങ്ങൾ നിരത്തിലിറക്കാനുമാണു ലക്ഷ്യമിടുന്നത്. 5 വർഷത്തിനുള്ളിൽ 1,78,000 യൂണിറ്റ് പ്രതിവർഷ ഉൽപാദനശേഷിയുള്ള ബാറ്ററി പാക്ക് അസംബ്ലി യൂണിറ്റുകളും സംസ്ഥാനത്തെ പ്രധാന ദേശീയ പാതകളിൽ 100 ചാർജിങ് സ്റ്റേഷനുകളും നിർമിക്കും.



മൊത്തം ഉൽപാദനം പ്രതിവർഷം 8,50,000 യൂണിറ്റായി ഉയർത്താനും ശ്രീപെരുമ്പത്തൂരിലെ ഫാക്ടറിയിൽ നിന്ന് പുതിയ ഇലക്ട്രിക് വാഹനങ്ങൾ അവതരിപ്പിക്കാനുമുള്ള പദ്ധതിയും ഹ്യുണ്ടായ് പ്രഖ്യാപിച്ചു. ഹ്യുണ്ടായിയുടെ നിക്ഷേപത്തിലൂടെ 15,000 പേർക്ക് നേരിട്ടും 2.5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ ലഭിക്കുമെന്നും ചടങ്ങിൽ മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ പറഞ്ഞു.



### തട്ടിപ്പ് മിസ്ഡ് കോൾ: കേന്ദ്രം പിടിമുറുക്കി; കോളുകൾ ഉടൻ തടയുമെന്ന് വാട്സാപ്

**ന്യൂഡൽഹി:** വിദേശ നമ്പറുകളിൽ നിന്നുള്ള തട്ടിപ്പ് മിസ്ഡ് കോളുകളുടെ പേരിൽ കേന്ദ്ര സർക്കാർ പിടിമുറുക്കിയതോടെ നടപടിയുമായി വാട്സാപ്. ഇത്തരം തട്ടിപ്പ് കോളുകളുടെ 50% എങ്കിലും ഉടൻ കുറയ്ക്കാനായി സാങ്കേതികസംവിധാനത്തിന്റെ കാര്യക്ഷമത അടിയന്തരമായി വർധിപ്പിക്കുമെന്ന് വാട്സാപ് അറിയിച്ചു. ക്രമേണ പ്രശ്നം പൂർണമായും പരിഹരിക്കും. ഈ മിസ്ഡ് കോളുകൾ സൈബർ തട്ടിപ്പിലേക്ക് നയിക്കാനാണെന്നും വാട്സാപ് സ്ഥിരീകരിച്ചു.

അജ്ഞാത മിസ്ഡ് കോളുകൾ വർധിക്കുന്ന പശ്ചാത്തലത്തിൽ വാട്സാപ്പിന് നോട്ടിസ് അയയ്ക്കുമെന്ന് കേന്ദ്ര ഐടി സഹമന്ത്രി രാജീവ് ചന്ദ്രശേഖർ മുന്നറിയിപ്പ് നൽകിയതിനു പിന്നാലെയാണ് കമ്പനിയുടെ നീക്കം. കേന്ദ്ര ടെലികോം വകുപ്പും വിഷയത്തിൽ ഇടപെട്ടിരുന്നു. കഴിഞ്ഞ ഒരു മാസമായി രാജ്യത്ത് ഒട്ടേറെ പേർക്കാണ് വാട്സാപ്പിൽ വിദേശ വെർച്വൽ നമ്പറുകളിൽ നിന്ന് മിസ്ഡ് കോളുകൾ ലഭിക്കുന്നത്.

ഉപയോക്താവിന്റെ അനുമതിയില്ലാതെ ഫോണിലെ മൈക്രോഫോൺ വാട്സാപ് ഉപയോഗിക്കുന്നുവെന്ന ആരോപണത്തിൽ വിശദീകരണവുമായി ഗൂഗിൾ. വാട്സാപ് സംഭാഷണം ചോർത്തുന്നില്ലെന്നും, മൈക്രോഫോൺ ഉപയോഗിക്കുന്നുവെന്ന് തെറ്റായി കാണിക്കുന്ന അറിയിപ്പ് ആൻഡ്രോയ്ഡ് ഫോണിലെ തകരാറാണെന്നും (ബഗ്) ഗൂഗിൾ വ്യക്തമാക്കി. പിഴവ് പരിഹരിക്കുന്നതായും ഗൂഗിൾ പറഞ്ഞു. താൻ ഉറങ്ങിക്കിടന്നപ്പോൾ വാട്സാപ് ആപ്, ഫോണിലെ മൈക്ക് ഉപയോഗിച്ചുവെന്ന ആരോപണവുമായി ട്വിറ്ററിലെ എൻജിനീയറിങ് ഡയറക്ടർ ഫോഡ് ഡബിരിയാണ് രംഗത്തുവന്നത്.

# ഇ ഇൻവോയ്സ് പരിധി 5 കോടി രൂപയാക്കി

**ന്യൂഡൽഹി:** 5 കോടി രൂപയിലേറെ വാർഷിക വിറ്റുവരവുള്ള, ജിഎസ്ടി റജിസ്ട്രേഷനുള്ള വ്യാപാരികളുടെ ബിസിനസ് ടു ബിസിനസ് (ബിടുബി) ഇടപാടുകൾക്ക് ഓഗസ്റ്റ് 1 മുതൽ ഇഇൻവോയ്സ് നിർബന്ധമാക്കി. വ്യാജ ബില്ലുകൾ വഴിയുള്ള നികുതിവെട്ടിപ്പു തടയാനും റിട്ടേൺ സമർപ്പണം എളുപ്പമാക്കുന്നതിനുമാണിത്. 10 കോടി രൂപയായിരുന്ന പരിധി 5 കോടിയാക്കി കുറച്ചതോടെ കേരളത്തിലടക്കം വലിയൊരു വിഭാഗം ചെറുകിട സംരംഭങ്ങളും ഇൻവോയ്സ് പരിധിയിലേക്ക് വന്നു. ഇൻവോയ്സിങ് നിബന്ധനകൾ ചെറുകിട സംരംഭകർക്ക് പ്രയാസമുണ്ടാക്കുമെന്നും വിമർശനമുണ്ട്.




ഇ ഇൻവോയ്സിങ് പരിധി ഘട്ടം ഘട്ടമായി കുറയ്ക്കുമെന്ന് ജിഎസ്ടി കൗൺസിൽ മുൻപ് തീരുമാനിച്ചിരുന്നു. 2020 ഒക്ടോബർ ഒന്നിന് ഇഇൻവോയ്സ് നിർബന്ധമാക്കുമ്പോൾ പരിധി 500 കോടി രൂപയായിരുന്നു. ഇത് പിന്നീട് പലഘട്ടമായി കുറച്ച്, കഴിഞ്ഞ ഒക്ടോബർ 1 മുതൽ 10 കോടിയാക്കി. ചരക്കു നീക്കം ആരംഭിക്കുന്നതിനു മുൻപു തന്നെ ഇ ഇൻവോയ്സിങ് നടത്തണം. ഇതിനായി ജിഎസ്ടി കോമൺ പോർട്ടൽ വഴിയോ ഇ ഇൻവോയ്സ് റജിസ്ട്രേഷൻ പോർട്ടലായ einvoice1.gst.gov.in വഴിയോ റജിസ്ട്രേഷൻ എടുക്കണം. ഇവേ ബിൽ പോർട്ടലിൽ റജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാരികൾക്ക് ആ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ഇ ഇൻവോയ്സിങ് പോർട്ടലിൽ ലോഗിൻ ചെയ്യാം.

5 കോടിയിലേറെ വിറ്റുവരവുണ്ടായിട്ടും ഇ ഇൻവോയ്സ് തയാറാക്കിയില്ലെങ്കിൽ സ്വീകരിക്കുന്നയാൾക്ക് ഇൻപുട് ടാക്സ് ക്രെഡിറ്റ് ലഭിക്കില്ല.

അതേസമയം, നികുതിയില്ലാത്ത ചരക്കുകൾ കൈകാര്യം ചെയ്യുന്ന വ്യാപാരികൾക്ക് ഇഇൻവോയ്സിങ് ആവശ്യമില്ല. സെസ് യൂണിറ്റുകൾ, ഇൻഷുറൻസ്, ബാങ്കിതര ധനകാര്യ കമ്പനികൾ അടക്കമുള്ള ബാങ്കിങ് മേഖല, ഗുഡ്സ് ട്രാൻസ്പോർട്ടിങ് ഏജൻസികൾ, പാസഞ്ചർ ട്രാൻസ്പോർട്ട് സർവീസ്, മൾട്ടിപ്ലക്സ് സിനിമ എന്നീ മേഖലകളെയും ഇ ഇൻവോയ്സിങ്ങിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

### കർണാടക ജനവിധി ഇന്ന്; വോട്ടെണ്ണൽ രാവിലെ എട്ടു മുതൽ

**ബെംഗളൂരു:** ബിജെപി, കോൺഗ്രസ്ദൾ പോരാട്ടത്തിൽ തൂക്കുസഭയ്ക്കും സാധ്യതയെന്ന പ്രവചനങ്ങൾക്കിടെ, കർണാടകയുടെ ഭരണഭാവി അറിയാൻ ഇനി മണിക്കൂറുകൾ മാത്രം. 224 മണ്ഡലങ്ങളിലേക്ക് 10ന് നടന്ന തിരഞ്ഞെടുപ്പിന്റെ ആദ്യഫലസൂചനകൾ രാവിലെ ഒൻപതിനകം പുറത്തുവരും. 36 കേന്ദ്രങ്ങളിലായി രാവിലെ 8 മുതലാണു വോട്ടെണ്ണൽ. ഉച്ചകഴിയുന്നതോടെ പൂർണചിത്രമറിയാം. ഭരണത്തുടർച്ചയുണ്ടാകാത്ത 38 വർഷത്തെ ചരിത്രം തിരുത്തിയെഴുതാനാണ് ബിജെപി ആഗ്രഹിക്കുന്നത്. പ്രാദേശിക വികസന പ്രശ്നങ്ങളിലൂന്നി നടത്തിയ പ്രചാരണം വലിയ ഭൂരിപക്ഷത്തിലേക്ക് നയിക്കുമെന്നാണ് കോൺഗ്രസ് പ്രതീക്ഷ.



## അപ്രെന്റിഷിപ്പ് ബോധവത്കരണ ശില്പശാല മെയ് 15ന്

**തൃശൂർ:** കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന് കീഴിൽ സംഘടിപ്പിക്കുന്ന നാഷനൽ അപ്രന്റീസ്ഷിപ് ബോധവത്കരണ ശില്പശാല മെയ് 15ന് തൃശൂർ എം.എസ്. എം. ഇ കേന്ദ്രത്തിലെ ഗോൾഡൺ ജൂബിലി ഹാളിൽ വെച്ച് നടക്കും.

ജില്ല കളക്ടർ വി ആർ കൃഷ്ണ തേജ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ അപ്പോളോ ടയേഴ്സ് യുണിറ്റ് മേധാവി ജോർജ് ഉമ്മൻ മുഖ്യാതിഥിയാകും. വ്യവസായ പരിശീലന വകുപ്പ് അഡീഷനൽ ഡയറക്ടർ കെ പി ശിവശങ്കരൻ, ഡെപ്യൂട്ടി ഡയറക്ടർ പി. ജി. രാജേന്ദ്രൻ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ.എസ്.കൃപകുമാർ തുടങ്ങിയവർ പങ്കെടുക്കും.

കേന്ദ്ര സർക്കാരിന്റെ നാഷനൽ അപ്രന്റീസ്ഷിപ് ട്രെയിനിങ് സ്കീം വഴിയാണ് ശില്പശാല സംഘടിപ്പിക്കുന്നത്. ശില്പശാലയിൽ അപ്രന്റീസ്ഷിപ് പോർട്ടൽ, സ്കീമുകൾ, നിയമങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസുകൾ നയിക്കും.

## പ്രൊജക്ട് അസിസ്റ്റന്റ് ഒഴിവ്

**തൃശൂർ:**പീച്ചിയിലുള്ളേ കേരള വനഗവേഷണ സ്ഥാപനത്തിലേക്ക് പ്രൊജക്ട് അസിസ്റ്റന്റ് താത്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. അടിസ്ഥാന യോഗ്യത: ബയോടെക്നോളജിയിലോ ബോട്ടണിയിലോ ഒന്നാം ക്ലാസ് ബിരുദം. 19,000 രൂപ പ്രതിമാസ വേതനം. അപേക്ഷകർ മെയ് 23ന് ചൊവ്വാഴ്ച രാവിലെ 10 മണിക്ക് അഭിമുഖത്തിന് ഹാജരാകണം. ഫോൺ: 0487 2690111.

## കുമളിയിൽ നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ തുടങ്ങി

നവകേരളം കർമ പദ്ധതിയുടെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന 'നീരുറവ്' പദ്ധതിയുടെ കുമളി ഗ്രാമപഞ്ചായത്തുതല പദ്ധതി രേഖ പ്രകാശനവും നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശാന്തി ഷാജിമോൻ നിർവഹിച്ചു. സംസ്ഥാനസർക്കാറിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കാനുള്ള പദ്ധതിയാണ് 'നീരുറവ്' സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതി. 11 ാം വാർഡ് മന്നാക്കുടിയിൽ നടന്ന ചടങ്ങിൽ വാർഡ് അംഗം ജിജോ രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് അംഗം ടി എസ് പ്രദീപ്, കുടുബശ്രീ ചെയർപേഴ്സൺ ഇന്ദിരാ സുബ്രഹ്മണ്യം, തൊഴിലുറപ്പ് ഉദ്യോഗസ്ഥർ, തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

## സ്കൂൾ ഫെയർ ഉദ്ഘാടനം

സപ്ലൈകോയുടെ സംസ്ഥാനതല സ്കൂൾ ഫെയർ മെയ് 15ന് ഗാന്ധിനഗർ ഹൈപ്പർമാർക്കറ്റിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി അഡ്വ. ജി.ആർ. അനിൽ ഉദ്ഘാടനം ചെയ്യും. നോട്ട് ബുക്കുകൾ, സ്കൂൾ ബാഗുകൾ തുടങ്ങി സ്കൂൾ വിദ്യാർഥികൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈകോ ഹൈപ്പർമാർക്കറ്റുകളിലും സൂപ്പർമാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും മെയ് 15 മുതൽ ലഭ്യമാകും.



# എംസി റോഡരികിൽ പൂത്തുലഞ്ഞ് സൂര്യകാന്തിപ്പാടം

**ഏനാത്ത്:** സൂര്യകാന്തിപ്പാടം കാണാൻ സഹ്യനെ വകഞ്ഞ് മാറ്റി ഇനി തമിഴ്നാട്ടിലേക്ക് പോകേണ്ട. എം സി റോഡിൽ കണ്ണിന് കുളിർമയേകുന്ന കാഴ്ചയൊരുക്കി ഒന്നര ഏക്കറിൽ സൂര്യകാന്തിപ്പൂക്കൾ വിരിഞ്ഞു. കല്ലടയാറിന്റെ തീരത്തെ കൃഷിയിടത്തിലാണ് സുന്ദരപാണ്ഡ്യപുരത്തെ അനുസ്മരിപ്പിക്കും വിധത്തിൽ സൂര്യകാന്തി പൂക്കൾ ശോഭ വിടർത്തി നിൽക്കുന്നത്.

സൂര്യകാന്തിച്ചെടികൾ മിഴി തുറന്നതോടെ തുടങ്ങിയതോടെ കാണികളും എത്തിത്തുടങ്ങി. എം സി റോഡിലൂടെയുള്ള യാത്രക്കാർക്കും സൂര്യകാന്തി വർണക്കാഴ്ച ഒരുക്കുന്നു. കൊല്ലം സ്വദേശികളായ കർഷകരായ അനിൽകുമാർ, മനു എന്നിവരാണു പച്ചക്കറി കൃഷിക്കൊപ്പം സൂര്യകാന്തി കൃഷി ചെയ്തത്. തമിഴ്നാട്ടിൽ ഓഗസ്റ്റോടെയാണു സൂര്യകാന്തി പൂക്കൾ കാണികളുടെ മനം മയക്കുന്നത്. എന്നാൽ ഇവിടെ ഈ സമയം പൂക്കൾ വിരിഞ്ഞത്.

കൃഷിയുടെ വിജയമാണെന്ന് കർഷകർ പറഞ്ഞു. നല്ല രീതിയിൽ സൂര്യപ്രകാശം ലഭിക്കുന്ന വിസ്തൃതമായ സ്ഥലമാണു കൃഷിക്ക് അനുയോജ്യം ഒപ്പം നനയും ആവശ്യമാണ്. അയൽ സംസ്ഥാനങ്ങളിൽ സജീവമായ കൃഷിയാണിപ്പോൾ ഇവിടെയും വേരുറയ്ക്കുന്നത്. പതിനയ്യായിരം തൈകളാണു പാകമാക്കിയത്. കാലാവസ്ഥ വ്യതിയാനം കാരണം കുറച്ചു തൈകൾ നഷ്ടമായെങ്കിലും പരീക്ഷണക്കൃഷി വിജയിച്ച സന്തോഷത്തിലാണിവർ.

ആറ്റു തീരത്തോടു ചേർന്നുള്ള മൂന്നേക്കറോളം വരുന്ന സ്ഥലം കാടു മൂടി തരിശു കിടക്കുകയായിരുന്നു. കഴിഞ്ഞ വർഷമാണ് പാട്ടത്തിനെടുത്ത സ്ഥലം ഒരുക്കി പച്ചക്കറി കൃഷി തുടങ്ങിയത്. തക്കാളി, വെണ്ട, അമര തുടങ്ങിയ പച്ചക്കറികൾ പാകമാക്കി വിളവെടുക്കുന്നതിനൊപ്പം തണ്ണിമത്തനും പപ്പായയും വലിയ അളവിൽ കൃഷി ചെയ്തു വരുന്നു. പരമ്പരാഗത പച്ചക്കറി കൃഷികൾ അന്യമാകുന്ന നാട്ടിൽ മണ്ണിനെ പാകമാക്കി ഇതര സംസ്ഥാന വിഭവങ്ങൾ വിളയിക്കുന്നതും നാട്ടു പൂക്കൾ അന്യമാകുന്ന നാട്ടിൽ മറുനാടൻ പൂക്കൾ വർണ വസന്തം തീർക്കുന്നതും പതിവാവുകയാണ്.



# വെള്ളക്കെട്ട്: കൊയ്ത്തു നിർത്തി

**മാന്നാർ:** വേനൽ മഴയെ തുടർന്നു മാന്നാർ നാലുതോടു പാടശേഖരത്തിലെ വെള്ളക്കെട്ട്, കൊയ്ത്തു നിർത്തി. ചെന്നിത്തല മാന്നാർ പഞ്ചായത്ത് അതിർത്തിയിലുള്ള നാലുതോടു പാടശേഖരം 252 ഏക്കറാണ്. ഇതിൽ 30 ഏക്കറിൽ മാത്രമേ കൊയ്ത്തു നടന്നുള്ളു. അപ്പോഴേക്കും വേനൽ മഴ വെള്ളം പാടശേഖരമാകെ നിറഞ്ഞു. പാടശേഖരത്തിൽ ഒരടിയോളം വെള്ളമുണ്ട്. കൊയ്ത്തിനെത്തിയ പത്തോളം യന്ത്രങ്ങൾ കരയിലും പാടശേഖരത്തോടു ചേർന്നുള്ള ബണ്ടു റോഡിലുമായി കിടക്കുകയാണ്. രണ്ടു ദിവസമായി ഈ ഭാഗത്തു മഴ കുറവായിരുന്നെങ്കിലും നിലവിലെ കാലാവസ്ഥ പ്രവചന പ്രകാരം വരും ദിവസങ്ങളിൽ മഴയുടെ ശക്തി കൂടാൻ സാധ്യതയേറെയാണെന്നതിൽ ആശങ്കാകുലരാണ് ഇവിടത്തെ കർഷകർ.

കൊയ്തെടുത്ത നെല്ലു പാടശേഖരത്തിലും ബണ്ടു റോഡിലുമായി കൂട്ടിയിട്ടിരിക്കുകയാണ്. ഈർപ്പമുണ്ടാകാതിരിക്കാനായി കർഷകർ ആളെ നിർത്തി നെല്ലുണക്കിയ ശേഷം മൂടിയിടുകയാണ് ചെയ്യുന്നത്. ഇതിനുണ്ടാകുന്ന ചെലവ് ഓരോ കർഷകർക്കും അധിക ബാധ്യതയായി മാറിയിരിക്കുകയാണ്.

മഴ നിലയ്ക്കുന്നതോടൊപ്പം പാടശേഖരത്തിലെ ജലനിരപ്പു താഴ്ന്നാൽ മാത്രമേ ഇവിടെ കൊയ്ത്തു നടക്കുകയുള്ളു. കഴിഞ്ഞ വർഷം വേനൽ മഴ കാരണം ഈ 252 ഏക്കറിൽ നിന്നും ഒരു മണി നെല്ലുപോലും കൊയ്തെടുക്കാനായില്ല. അതിനുള്ള നഷ്ടപരിഹാരവും ആർക്കും ലഭിച്ചില്ല

## പ്രവാസി പുനരധിവാസ വായ്പാപദ്ധതി

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ നോർക്ക റൂട്ട്സുമായി ചേർന്ന് നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പാപദ്ധതിയായ 'പ്രവാസി പുനരധിവാസ വായ്പാ പദ്ധതി'ക്കു കീഴിൽ വായ്പ അനുവദിക്കുന്നതിനായി കേരളത്തിലെ വിവിധ ജില്ലകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകത്വ ഗുണമുള്ള യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർ പട്ടികവിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരും, 18 നും 55 നും മധ്യേ പ്രായമുള്ളവരുമായിരിക്കണം. രണ്ടു വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാണ് പരമാവധി 20 ലക്ഷം രൂപ വരെ ഈ വായ്പ അനുവദിക്കുന്നത്.

## വിദ്യാർത്ഥികളുടെ പഠനവും ആരോഗ്യവും ലക്ഷ്യം : മന്ത്രി വി ശിവൻകുട്ടി

**കുന്നംകുളം:** പൊതുവിദ്യാഭാസ രംഗത്ത് അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നതോടൊപ്പം കുട്ടികളുടെ പഠനവും ആരോഗ്യ സംരക്ഷണവുമാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് പൊതുവിദ്യാഭ്യാസ തൊഴിൽവകുപ്പ് മന്ത്രി വി ശിവൻകുട്ടി . കുന്നംകുളം മണ്ഡലത്തിലെ കുന്നംകുളം മണ്ഡലത്തിലെ ചൊവ്വന്നൂർ ബ്ലോക്കിനു കീഴിലുള്ള മൂന്ന് വിദ്യാലയങ്ങളിലെ കെട്ടിടങ്ങൾ മന്ത്രി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. പഴഞ്ഞി ഗവ വി എച്ച് എസ് എസ്, യുപി കെട്ടിട സമുച്ചയങ്ങൾ, തയ്യൂർ ഗവ. എച്ച് എസ് എസ് കെട്ടിടങ്ങൾ, വേലൂർ ഗവ. രാജസർ രാമവർമ എച്ച് എസ് എസ് കെട്ടിടം എന്നിവയാണ് ഉദ്ഘാടനം ചെയ്തത്.

വിദ്യാലയങ്ങളെ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഏഴ് വർഷത്തിനിടെ സംസ്ഥാനത്ത് 3000 കോടി രൂപയുടെ സ്കൂൾ കെട്ടിടങ്ങളാണ് നിർമ്മിച്ചതെന്ന് മന്ത്രി പറഞ്ഞു. പൊതുവിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തിയ ഏക സംസ്ഥാനം കേരളമാണ്. വിദ്യാലയങ്ങളിലുണ്ടായ വിദ്യാർത്ഥികളുടെ വർദ്ധനവ് അതിന് ഉദാഹരണമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

202223 അധ്യയന വർഷത്തെ കൈത്തറി യൂണിഫോം വിതരണം പൂർത്തിയാക്കിയതായി മന്ത്രി തയ്യൂർ സ്കൂൾ കെട്ടിടോദ്ഘാടന വേളയിൽ അറിയിച്ചു. ആകെ 7077 സ്കൂളുകളിലെ 9,58,060 കുട്ടികൾക്കായി 42.08 ലക്ഷം മീറ്റർ തുണി വിതരണം ചെയ്തു. കൈത്തറി യൂണിഫോം നൽകാത്ത സ്കൂളുകളിലെ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ ഹൈസ്ക്കൂളുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾക്കും, യു.പി, എച്ച്.എസ്, എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4 വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ഒരു കുട്ടിക്ക് 2 ജോഡി യൂണിഫോമിന് തയ്യൽ കൂലി അടക്കം 600 രൂപ നിരക്കിൽ ആകെ 24.38 കോടി രൂപ (24,38,54,400) അനുവദിച്ചുവെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിൽ നിന്നുമുള്ള കത്തിടപാടുകൾ പൂർണ്ണമായും ഇതപാൽ മുഖേന ചെയ്യുന്നതിന് രൂപീകരിച്ച ഇ തപാൽ അറ്റ് സ്കൂൾസ് പദ്ധതി സംസ്ഥാനത്തെ ഗവൺമെന്റ്,എയ്ഡഡ് സ്കൂളുകളിൽ വിജയകരമായി പൂർത്തിയാക്കി.

# കൃഷിയിടങ്ങളിൽ വെട്ടുകിളി ആക്രമണം രൂക്ഷം



**ചെറുതോണി :** വാഴത്തോപ്പിലെ കൃഷിയിടങ്ങളിൽ വെട്ടുകിളികൾ ഭീതി വിതച്ചു തുടങ്ങി. ചെറുതോണി താന്നിക്കണ്ടത്ത് കർഷകനായ ബിജു തടത്തിലിന്റെ പുരയിടത്തിലാണ് വെട്ടുകിളികൾ പറന്നിറങ്ങിയിരിക്കുന്നത്. നിമിഷ നേരം കൊണ്ട് പച്ചപ്പുകളെല്ലാം തിന്നു തീർക്കുന്ന ഈ പ്രാണി വർഗം അതിവേഗം പെരുകുന്നുമുണ്ട്. ചെടികളുടെ തളിരിലകളും വാഴയുടെ ഇലകളും എല്ലാം ഇവ തിന്നു തീർത്തു കഴിഞ്ഞു. ഇവ തമ്പടിച്ച പ്രദേശത്ത് ഇരമ്പൽ ശബ്ദവും ഉണ്ടെന്ന് കർഷകൻ പറഞ്ഞു.

ബിജു അറിയിച്ചതനുസരിച്ച് വാഴത്തോപ്പ് കൃഷി ഓഫിസിൽ നിന്നും ഉദ്യോഗസ്ഥർ സ്ഥലത്തെത്തി പരിശോധന നടത്തി. ആറ് ഘട്ടങ്ങളിലായുള്ള വെട്ടുകിളികളുടെ വളർച്ചയിലെ രണ്ടാം ഘട്ടമാണ് ഇതെന്നാണ് ഉദ്യോഗസ്ഥരുടെ നിഗമനം. കീടനാശിനികൾ തളിച്ച് ഇവയെ അടിയന്തരമായി നശിപ്പിക്കാനാണ് ഉദ്യോഗസ്ഥരുടെ നിർദേശം.

എന്നാൽ വെട്ടുകിളികളെ നശിപ്പിക്കാനുള്ള കീടനാശിനികൾ സർക്കാർ തന്നെ നൽകണമെന്ന നിലപാടിലാണ് ബിജു. അടിയന്തരമായി ഇവയെ നശിപ്പിക്കാത്ത പക്ഷം അനുകൂല സാഹചര്യത്തിൽ ഇവ മുട്ടയിട്ട് പെരുകുമെന്നും കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിക്കുമെന്നും വിദഗ്ധർ പറയുന്നു.

കൃഷി വകുപ്പും സർക്കാരും അടിയന്തരമായി ഇടപെട്ട് ആശങ്ക പരിഹരിക്കണമെന്നാണ് കർഷകരുടെ ആവശ്യം. ഹൈറേഞ്ചിൽ വെട്ടുകിളി ശല്യം ഇതിനു മുൻപും പല മേഖലകളിലും ഉണ്ടായിട്ടുണ്ട്. കഞ്ഞിക്കുഴി പുന്നയാറിൽ ഏതാനും വർഷം മുൻപ് തേക്കും പ്ലാന്റേഷനിൽ നിന്നും ലക്ഷക്കണക്കിനു വെട്ടുക്കിളികളാണ് സമീപത്തെ ക!ൃഷിയിടങ്ങളിലേക്ക് പറന്നിറ!ന്നിറങ്ങിയത്.

മരിയാപുരം, വാത്തിക്കുടി പഞ്ചായത്തുകളുടെ അതിർത്തി പ്രദേശമായ ആന്റോപുരം, കൊച്ചുകരിമ്പൻ മേഖലകളിൽ രണ്ടു വർഷം മുൻപാണ് ഇവറ്റ നാശം വിതച്ചത്. ഇതിനു പുറമേ രാജാക്കാട്, കാമാക്ഷി പഞ്ചായത്തുകളിലും വെട്ടുകിളി സാന്നിധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പുൽച്ചാടി വർഗത്തിൽ പെട്ട , കൈവെള്ളയിൽ ഒതുങ്ങുന്ന ചെറു ജീവിയാണ് വെട്ടുകിളി. പെട്ടെന്നു വംശവർധന നടത്തുന്ന ഇവ പൂർണ വളർച്ച എത്തിയാൽ കൂട്ടത്തോടെ തീറ്റ തേടി എത്രദൂരം വേണമെങ്കിലും പറക്കും. ഒരു ദിവസം 200 കിലോമീറ്റർ വരെ പറക്കാനാകുമെന്ന് പറയുന്നു. ആക്രമണ സ്വഭാവത്തോടെയാണ് വിളകൾ തിന്നു തീർക്കുക. വീടുകളിലും ഇവ കടന്നു വരും.

ഒരു വെട്ടുക്കിളിക്ക് 300 മുട്ടകൾ വരെ ഇടാനാകുമെന്ന് കാർഷിക ശാസ്ത്രജ്ഞർ പറയുന്നു. മഴയും, വെയിലും മാറി മാറി വരുന്ന ഈർപ്പം നിറഞ്ഞ കാലാവസ്ഥയിൽ ഭൂമിയിൽ കരിയിലകൾക്ക് കീഴെ മുട്ടയിടുന്ന വെട്ടുകിളികൾ അതിവേഗം പെരുകുമെന്നാണ് അനുഭവം. രണ്ടാഴ്ച കൊണ്ടു ലക്ഷക്കണക്കിനു വെട്ടുക്കിളികളാണ് വിരിഞ്ഞിറങ്ങുന്നത്. എന്നാൽ മനുഷ്യരെയോ, മൃഗങ്ങളെയോ ആക്രമിക്കാറില്ല. രോഗങ്ങൾ പരത്തുന്നതായും കണ്ടെത്തിയിട്ടില്ല.

# താളപ്പെരുമഴ തീർത്ത് വജ്ര ജൂബിലി ഫെല്ലോഷിപ്പ് വാദ്യകലാകാരന്മാർ



**തൃശൂർ:** വടക്കുനാഥന്റെ സായംസന്ധ്യയിൽ വാദ്യവിസ്മയമൊരുക്കി വജ്രജൂബിലി ഫെല്ലോഷിപ്പ് കലാകാരന്മാർ. എന്റെ കേരളം പ്രദർശന വിപണന മേളയുടെ വേദിയിൽ താളപെരുമഴ തീർത്ത് വാദ്യകലാകാരന്മാർ കാണികളുടെ മനം കവർന്നു. മിഴാവ്, ചെണ്ട, മദ്ദളം, തിമില, മൃദംഗം തുടങ്ങിയ വാദ്യമേളങ്ങളുടെ ഫ്യൂഷൻ തേക്കിൻകാട് മൈതാനിയെ സംഗീത സാന്ദ്രമാക്കി. കലാസന്ധ്യ ആസ്വദിക്കാൻ റൂറൽ എസ്പി ഐശ്വര്യ ഡോംഗ്രെയും എത്തിയിരുന്നു.

ഹംസധ്വനി രംഗാത്തിലെ വാ താപി ഗണപതിം ഭജേഹം എന്നാരംഭിച്ച് എ ആർ റഹ്മാൻ അനശ്വരമാക്കിയ അഞ്ജലീ അഞ്ജലി, കാതൽ റോജ, മലയാള സിനിമയിലെ നിത്യഹരിതഗാനങ്ങളായ അമ്പലപ്പുഴയിൽ ഉണ്ണിക്കണ്ണനോടു നീ, തുമ്പി വാ തുടങ്ങി ഒരു മുറൈ വന്ത് പാർത്തായാ എത്തിയപ്പോഴേക്കും ജനം ആർത്തുവിളിച്ചു.

വിഷ്ണുജിത്ത് ഉണ്ണികൃഷ്ണൻ, അരുൺ പ്രസാദ്, നവനീത്, കലാമണ്ഡലം മധു, പെരുവനം വിനു പരമേശ്വരൻ മാരാർ, എന്നിവരാണ് വാദ്യകലാസന്ധ്യയെ ആസ്വാദകരമാക്കിയത്.

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി നടക്കുന്ന എന്റെ കേരളം മെഗാ പ്രദർശന വിപണന മേളയുടെ നാലാം ദിനം വജ്രജൂബിലി കലാകാരന്മാർ കലാസന്ധ്യയിൽ താളപെരുമഴ തീർത്തു.

സാംസ്കാരിക വകുപ്പ് തെരഞ്ഞെടുത്ത 1000 കലാകാരന്മാർക്ക് തദ്ദേശ സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്ന പദ്ധതിയാണ് വജ്ര ജൂബിലി ഫെല്ലോഷിപ്പ്.

## മാർജിൻ മണി വായ്പ: ഒറ്റത്തവണ തീർപ്പാക്കാം

**ആലപ്പുഴ:** വ്യവസായ വകുപ്പിൽ നിന്നും ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള മാർജിൻ മണി വായ്പ ഒറ്റത്തവണയായി തീർപ്പാക്കാൻ അവസരം. തീർപ്പാക്കുമ്പോൾ രണ്ട് കാറ്റഗറികളിലായാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. യൂണിറ്റുടമ മരണപ്പെടുകയും സ്ഥാപനം പ്രവർത്തനരഹിതമായിരിക്കുകയും സ്ഥാപനത്തിന് ആസ്തികൾ ഒന്നും നിലവിലില്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കുടിശിഖ പൂർണ്ണമായും എഴുതിത്തള്ളും. ഇതിനായി മരണപ്പെട്ട യൂണിറ്റുടമയുടെ അനന്തരാവകാശി ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ നൽകണം.

മറ്റുള്ള മാർജിൻ വായ്പകളിൽ റവന്യൂ നടപടികളിലുള്ളവ, യൂണിറ്റ് പ്രവർത്തന രഹിതമായവ, യൂണിറ്റിന് ആസ്തി ഇല്ലാതിരിക്കുക എന്നിവയ്ക്ക് വായ്പ അനുവദിച്ച തീയതി മുതൽ ഒറ്റത്തവണ തീർപ്പാക്കൽ അപേക്ഷ സമർപ്പിക്കുന്ന തീയതി വരെ ആറ് ശതമാനം നിരക്കിലുള്ള പലിശ ഉൾപ്പടെയുള്ള തുകയാണ് അടയ്ക്കണ്ടത്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക തീർപ്പാക്കുന്നവർക്ക് പലിശയുടെ 50 ശതമാനം എഴുതിത്തള്ളും. പിഴ പലിശ പൂർണ്ണമായും ഒഴിവാക്കും. കൂടുതൽ വിവരത്തിന് ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടണം. ഫോൺ: 0477 2241272, 0477 2241632.

## ആയുർവദേ കോളജിൽ ടെക്നീഷ്യൻ ഒഴിവ്

**തിരുവനന്തപുരം:** സർക്കാർ ആയുർവേദ കോളേജിലെ ദ്രവ്യഗുണവിഞ്ജാന വിഭാഗത്തിൽ ഹോണറേറിയം അടിസ്ഥാനത്തിൽ താത്കാലികമായി ടെക്നീഷ്യൻ (ബയോടെക്നോളജി) തസ്തികയിൽ നിയമനം നടത്തുന്നതിന് മെയ് 25ന് രാവിലെ 11ന് കോളജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ വാക്ഇൻഇന്റർവ്യൂ നടത്തും. എം.എസ്.സി, ബി.എസ്.സി ബയോടെക്നോളജിയും ടിഷ്യുകൾച്ചർ മേഖലയിൽ രണ്ടു വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത.

(ഈ വിഷയത്തിൽ പി.എച്ച്.ഡി ഉള്ളവർക്ക് മുൻഗണന) ഉദ്യോഗാർഥികൾ വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളും അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബയോഡാറ്റയും സഹിതം അന്നേ ദിവസം രാവിലെ 10.30ന് കോളജ് പ്രിൻസിപ്പലിന്റെ ഓഫീസിൽ ഹാജരാകണം.

## കർഷക കടാശ്വാസ കമ്മീഷൻ സിറ്റിങ്

**ഇടുക്കി:** സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മെയ് 16, 17, 18 തീയതികളിൽ ഇടുക്കിദേവികുളം സർക്കാർ അതിഥി മന്ദിരത്തിൽ സിറ്റിങ് നടത്തും. കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും അംഗങ്ങളും പങ്കെടുക്കും. രാവിലെ ഒമ്പതിന് സിറ്റിങ് ആരംഭിക്കും. ഹിയറിങ്ങിന് ഹാജരാകാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യസമയത്ത് ഹാജരാകണമെന്നു സെക്രട്ടറി അറിയിച്ചു.

# ബ്രഹ്മപുരം പ്ലാന്റിൽ പെട്രോൾ കുപ്പി കണ്ടെടുത്തു: പൊലീസ് അന്വേഷണം

**കാക്കനാട്:** വൻ അഗ്നിബാധയുണ്ടായ ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നു കണ്ടെടുത്ത പെട്രോൾ അടങ്ങിയ കുപ്പിയെ ചുറ്റിപ്പറ്റി പൊലീസ് അന്വേഷണം. അഗ്നിബാധ മനപ്പൂർവം സൃഷ്ടിച്ചതാണെന്ന് പോലീസ് കരുതുന്നു. മാലിന്യം കുന്നുകൂടി കിടക്കുന്ന സെക്ടർ 7ൽ നിന്നാണ് രണ്ടാഴ്ച മുൻപ് പൊലീസിന് പെട്രോൾ കുപ്പി ലഭിച്ചത്. ചെറിയ അളവിൽ മാത്രമേ പെട്രോളുണ്ടായിരുന്നുള്ളു. ഒരു ലീറ്ററിന്റെ പ്ലാസ്റ്റിക് കുപ്പി ഇൻഫോപാർക്ക് പൊലീസ് കസ്റ്റഡിയിലെടുത്തു.



സെക്ടർ ഏഴിലും അടുത്ത സെക്ടറുകളിലും അഗ്നിബാധ സമയത്തു ജോലി ചെയ്തിരുന്നവരുടെ മൊഴിയും പൊലീസ് രേഖപ്പെടുത്തി. തീപിടിത്തം അട്ടിമറിയാകാനുള്ള സാധ്യതയ്ക്കു തെളിവില്ലെങ്കിലും പെട്രോൾ നിറച്ച കുപ്പിയുടെ സാന്നിധ്യം പൊലീസിനെ കുഴക്കുന്നുണ്ട്. അഗ്നിബാധയ്ക്കു ശേഷം മറ്റെന്തെങ്കിലും ആവശ്യത്തിന് പെട്രോൾ കൊണ്ടുവന്നതാകാനുള്ള സാധ്യതയും പൊലീസ് തള്ളുന്നില്ല.

പെട്രോൾ വാങ്ങിയ ശേഷം ആരെങ്കിലും ഉപേക്ഷിച്ച കുപ്പി മാലിന്യത്തിനൊപ്പം പ്ലാന്റിലെത്തിയതാകാൻ ഇടയുണ്ടെന്നും പൊലീസ് പറയുന്നു. ഇതിനിടെ ബ്രഹ്മപുരം പ്ലാന്റിൽ നിയോഗിച്ചിരുന്ന അഗ്നിരക്ഷാ സേന യൂണിറ്റുകളെ പിൻവലിച്ചു. മഴ പെയ്തതും പ്രദേശം ചതുപ്പിനു സമാനമായതും മുൻനിർത്തി തീപിടിത്ത സാധ്യതയില്ലെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് അഗ്നിരക്ഷാ സേനയെ പിൻവലിച്ചത്. തൃക്കാക്കര അഗ്നിരക്ഷാ യൂണിറ്റിന്റെ നേതൃത്വത്തിൽ നിത്യേന പട്രോളിങ് ഏർപ്പെടുത്തിയിട്ടുണ്ട്. അഗ്നിരക്ഷാ സേനയുടെ സിവിൽ ഡിഫൻസ് വൊളന്റിയർമാർ പ്ലാന്റിൽ സേവനം തുടരും. ഇവരെ ഷിഫ്റ്റ് അടിസ്ഥാനത്തിലാണ് നിയോഗിച്ചിരിക്കുന്നത്. വാച്ച് ടവറും വയർലെസ് സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.



# ഹൗസ്ബോട്ടിൽ സുരക്ഷിത യാത്ര; ഇനി ഫിറ്റ്നസും ലൈസൻസുമുള്ള ഹൗസ്ബോട്ടുകൾ മാത്രം

**നീലേശ്വരം:** താനൂർ ബോട്ട് അപകടത്തിന്റെ പശ്ചാത്തലത്തിൽ ജില്ലയിലെ ഹൗസ്ബോട്ട് സർവീസ് സുരക്ഷിതമാക്കാൻ പൊലീസ് ഇടപെടൽ. സർക്കാർ നിർദേശപ്രകാരം കാഞ്ഞങ്ങാട് ഡിവൈഎസ്പി പി. ബാലകൃഷ്ണൻ നായരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ കടുത്ത നിർദേശങ്ങളാണു നൽകിയത്. ഫിറ്റ്നസും ലൈസൻസുമുള്ള ബോട്ടുകൾക്കു മാത്രമാണ് ഇന്നു മുതൽ സർവീസ് നടത്താൻ അനുമതി. ഇവ ഇല്ലാത്ത ഹൗസ്ബോട്ടുകൾ ഓടരുതെന്ന് പൊലീസ് ഉടമകളോടു നിർദേശിച്ചു.

നിർദിഷ്ട മാർഗരേഖയിൽ നിന്നു വ്യതിചലിക്കുന്നുണ്ടോയെന്നു നോക്കാൻ പൊലീസ് ഇന്നു മുതൽ കർശനമായ പരിശോധനകൾ നടത്തും. തീരദേശ പൊലീസിന്റെ സഹായത്തോടെയാകുമിത്. ഡിവൈഎസ്പിക്കു പുറമെ നീലേശ്വരം സിഐ കെ.പ്രേംസദൻ, എസ്ഐമാരായ ടി.വൈശാഖ്, മഹേന്ദ്രൻ, കാസർകോട് ഡിസ്ട്രിക്ട് ഹൗസ്ബോട്ട് ഓണേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ശിവദാസ് കീനേരിയുടെ നേതൃത്വത്തിൽ ഹൗസ്ബോട്ട് ഉടമകളും യോഗത്തിൽ പങ്കെടുത്തു. അതിനിടെ ജില്ലയിലെ ഹൗസ്ബോട്ടുകൾക്കു ലൈസൻസ് നൽകുന്ന കണ്ണൂർ അഴീക്കൽ പോർട്ട് ഓഫിസിലെ സർവേയറും ഇന്നലെ നീലേശ്വരം കോട്ടപ്പുറത്തെത്തി ഹൗസ്ബോട്ടുകളുടെ പരിശോധന തുടങ്ങി.

സംസ്ഥാനത്താകെ ബോട്ട് ലൈസൻസ് കൊടുക്കുന്നതിനു മുൻപുള്ള പരിശോധനയ്ക്കായി 2 സർവേയർ മാത്രമാണുള്ളത്. ഇതിനാൽ കോട്ടപ്പുറം കേന്ദ്രീകരിച്ച് സർവീസ് നടത്തുന്ന 31 ഹൗസ്ബോട്ടുകളിൽ പലതിന്റെയും ലൈസൻസ്, ലൈസൻസ് പുതുക്കൽ അപേക്ഷകളുടെ ഭാഗമായുള്ള പരിശോധനകൾ മുടങ്ങിക്കിടക്കുകയാണ്. 6 മാസം മുൻപു നൽകിയ അപേക്ഷകളിൽ പോലും പരിശോധന നടത്തിയിട്ടില്ലെന്നു ഹൗസ്ബോട്ട് ഉടമകൾ പറയുന്നു.

2 ജില്ലകൾക്ക് ഒരു സർവേയറെങ്കിലും വേണമെന്നതു ദീർഘകാലമായുള്ള ആവശ്യമാണ്. ബോട്ടിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്കുള്ള പരിശീലനത്തിനും ലൈസൻസിങ് നടപടികൾക്കും പൊന്നാനിയിൽ മാത്രമേ സൗകര്യമുള്ളൂ. സി.എച്ച്.കുഞ്ഞമ്പു എംഎൽഎയുടെ ഇടപെടലിൽ മർച്ചന്റ് നേവി ക്ലബിന്റെ സഹകരണത്തോടെ കേരള മാരിടൈം അക്കാദമി കേന്ദ്രം ഉദുമയിൽ തുടങ്ങാൻ ധാരണയായെങ്കിലും പൂർണതോതിൽ സജ്ജമായിട്ടില്ല. കോട്ടപ്പുറം കേന്ദ്രീകരിച്ച് ഓടുന്ന മുഴുവൻ വഞ്ചിവീടുകളും പരിശോധിക്കാൻ പോർട്ട് ഓഫിസ് സർവേയർ തുടർന്നുള്ള ദിവസങ്ങളിലും ജില്ലയിൽ ഉണ്ടാകും

## കല്ലാറിൽ വനം വകുപ്പിന്റെ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പ്രവർത്തന സജ്ജമായി

**പൊന്മുടി:** പൊന്മുടിയിൽ ത്രീഡി തീയേറ്ററും മന്ത്രി എ.കെ. ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

വിനോദ സഞ്ചാരികൾക്ക് കൂടുതൽ സുരക്ഷ ഉറപ്പുവരുത്താൻ പൊന്മുടി ഇക്കോ ടൂറിസം പ്രവേശന കവാടത്തിൽ വനം വകുപ്പിന്റെ ഇന്റഗ്രേറ്റഡ് ചെക്പോസ്റ്റ് തുറന്നു.

പൊന്മുടിയിൽ നിർമ്മാണം പൂർത്തിയാക്കിയ പുതിയ ത്രീഡി തീയേറ്റർ, കല്ലാറിലെ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് എന്നിവ വനം വകുപ്പ് മന്ത്രി എ. കെ. ശശീന്ദ്രൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. സംസ്ഥാന അതിർത്തി പങ്കിടുന്ന മലക്കപ്പാറ പ്രദേശത്ത് ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പ്രവർത്തനം ആരംഭിച്ചതോടെ വനംവകുപ്പിന്റെ നിരീക്ഷണം ശക്തമാകുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും സഹായകമാകുമെന്ന് മന്ത്രി പറഞ്ഞു. വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, ജനങ്ങളോടുള്ള ഇടപെടൽ സുതാര്യമാക്കുന്നതിനുമുള്ള പ്രവർത്തികൾ ഊർജിതമായി മുന്നോട്ടു പോകുന്നതായും മന്ത്രി കൂട്ടിച്ചേർത്തു. ജി. സ്റ്റീഫൻ എം.എൽ.എ ചടങ്ങിൽ അധ്യക്ഷനായി.

പൊന്മുടിയിലേയ്ക്കുള്ള പ്രവേശന കവാടമായ വിതുര പൊന്മുടി റോഡിൽ കല്ലാർ ഗോൾഡൻവാലി ഭാഗത്താണ് ആധുനിക രീതിയിലുള്ള ചെക്ക്പോസ്റ്റ് പ്രവർത്തനം ആരംഭിച്ചത്. ദിനംപ്രതി നൂറുകണക്കിന് വാഹനങ്ങളാണ് ഇവിടെയെത്തുന്നത്. എന്നാൽ നിലവിലുള്ള ചെക്ക്പോസ്റ്റിന്റെ പരിമിതമായ സൗകര്യങ്ങൾ കാരണം വാഹനപരിശോധന ശ്രമകരമാണ്. എന്നാൽ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് തുറന്നത്തോടെ വാഹന പരിശോധന കൂടുതൽ സുഗമമാകും.കൂടാതെ സഞ്ചാരികൾക്ക് വനവിഭവങ്ങൾ ലഭ്യമാക്കുന്ന ഇക്കോഷോപ്പ്, ഇൻഫർമേഷൻ സെന്റർ, ജീവനക്കാർക്കുള്ള താമസസൗകര്യം, ശുചിമുറികൾ എന്നിവയും കെട്ടിടത്തിൽ സജ്ജമാക്കിയിട്ടുണ്ട്. നമ്പാർഡിൽ നിന്നും 73,74,000 രൂപയാണ് ചെക്ക്പോസ്റ്റ് നിർമ്മാണത്തിനായി ചെലവഴിച്ചത്.

## ചന്ദനപ്പള്ളി പിഎച്ച്സി ക്ക് പുതിയ കെട്ടിടം

**ചന്ദനപ്പള്ളി:** പ്രൈമറി ഹെൽത്ത് സെന്ററിന്റെ ഔട്ട് പേഷ്യന്റ് വിഭാഗത്തിന് പുതിയ കെട്ടിട നിർമ്മാണത്തിനായി ഒരു കോടി 40 ലക്ഷം അടങ്കലിന് ഭരണാനുമതി ലഭിച്ചതായി ഡപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അറിയിച്ചു. നാഷണൽ ഹെൽത്ത് മിഷന്റെ ഫണ്ട് വിനിയോഗത്തിലൂടെയാണ് പദ്ധതി സാധ്യമാകുന്നത്. പദ്ധതിയുടെ നിർവഹണ ഏജൻസിയായി എൻഎച്ച്എം ചുമതലപ്പെടുത്തിയിരുന്ന കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ച വിശദ പദ്ധതി രേഖയ്ക്കാണ് സംസ്ഥാന മിഷൻ ഡയറക്ടറേറ്റിൽ നിന്നും ഭരണാനുമതി ലഭ്യമായത്. പഴയ കെട്ടിടം, വാട്ടർ ടാങ്ക് അടക്കമുള്ള നിർമ്മിതികൾ പൊളിച്ചുമാറ്റി മണ്ണ് പരിശോധന നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ടെന്നും അതിനുശേഷം മാത്രമേ പദ്ധതിയുടെ സാങ്കേതിക അനുമതിക്കായുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയൂ എന്നും നിർവഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അറിയിച്ചിരിന്നു. സമയബന്ധിതമായി പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തുടർനടപടി കാല വിളമ്പം ഒഴിവാക്കി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമെന്നും ഡെപ്യൂട്ടി സ്പീക്കർ അറിയിച്ചു.

# വനം വകുപ്പ് വലിയ മാറ്റത്തിന്റെ പാതയിൽ: മന്ത്രി എ.കെ ശശീന്ദ്രൻ



**കൊച്ചി:** വനം വകുപ്പ് വലിയ മാറ്റത്തിന്റെ പാതയിലാണെന്ന് വനം വകുപ്പ് മന്ത്രി എ. കെ ശശീന്ദ്രൻ പറഞ്ഞു. പുതിയതായി നിർമ്മിച്ച തലക്കോട് സംയോജിത (ഇന്റഗ്രേറ്റഡ്) ഫോറസ്റ്റ് ചെക്ക് പോസ്റ്റ് കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. വനം വകുപ്പുമായി ബന്ധപ്പെടുക, സേവനങ്ങൾ തേടുക, ആവശ്യങ്ങൾ നിറവേറ്റുക എന്നത് ഒരു ബാലികേറാ മലയായിട്ടാണ് പലരും കരുതിയിരുന്നത്. ആ ധാരണ മാറ്റി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കി മുൻപോട്ട് പോകുകയാണ് സർക്കാർ. കാടിനെ കാക്കാം  നാടിനെ കേൾക്കാം എന്ന സന്ദേശത്തോടെ സംസ്ഥാനത്തിന്റെ 21 കേന്ദ്രങ്ങളിലായി നടത്തിയ വന സൗഹൃദ സദസ്സുകൾ വലിയ വിജയമായിരുന്നു. വനത്തെയും വന്യജീവികളെയും സംരക്ഷിക്കുന്നതോടൊപ്പം ജനങ്ങളെയും ചേർത്തു നിർത്തുകയാണ് സർക്കാരിന്റെ നയം. വിവിധ ആവശ്യങ്ങൾക്കായി വനം വകുപ്പിനെ  സമീപിക്കുന്ന ജനങ്ങൾക്ക് ഏറ്റവും എളുപ്പത്തിലും വേഗത്തിലും സേവനങ്ങൾ ലഭ്യമാക്കാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കണം. വനപാലകരും ജനങ്ങളും തമ്മിലുള്ള ബന്ധം  ഊഷ്മളമാക്കാൻ കൂടുതൽ ഇടപെടലുകളുണ്ടാകും. സർക്കാർ ജനങ്ങൾക്കൊപ്പമാണെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നൂറ് ദിന കർമ്മപദ്ധതിയിലുൾപ്പെടുത്തിയാണ് തലക്കോട് ചെക്ക് പോസ്റ്റ് നാടിന് സമർപ്പിച്ചത്. ആകെ 77.47 ലക്ഷം രൂപ ചെലവിൽ അത്യാധുനിക നിലവാരത്തിലാണ് സംയോജിത ചെക്ക് പോസ്റ്റ് ഒരുക്കിയിരിക്കുന്നത്. ഇൻഫർമേഷൻ സെന്റർ, ഗാർഡ് റൂം, ഇക്കോ ഷോപ്പ് ശുചിമുറികൾ തുടങ്ങിയ സൗകര്യങ്ങളാണ് ചെക്ക്പോസ്റ്റിൽ ക്രമീകരിച്ചിരിക്കുന്നത്. യാത്രികരെ സംബന്ധിച്ചടുത്തോളം ഏറെ ഉപകാരപ്രദമായ പദ്ധതികൂടിയാണിത്.ചടങ്ങിൽ മറ്റ് വിവിധ ഫോറസ്റ്റ് റെയിഞ്ചുകളിലെ ഏഴ് പദ്ധതികളും മന്ത്രി ഉദ്ഘാടനം ചെയ്തു. കുമളി റെയിഞ്ചിലെ കമ്പംമെട്ട്, തൊടുപുഴ റെയിഞ്ചിലെ ഗുരുതിക്കുളം, മറയൂർ റെയിഞ്ചിലെ ചട്ടമൂന്നാർ, ഷോളയാർ റെയിഞ്ചിലെ മലക്കപ്പാറ ചെക്ക് പോസ്റ്റുകളും പാലോട് റെയിഞ്ചിലെ കല്ലാർ, ആര്യങ്കാവ് റെയിഞ്ചിലെ കോട്ടവാസൽ എന്നീ സംയോജിത ചെക്ക്പോസ്റ്റുകളും പാലോട് റെയിഞ്ചിൽ വരുന്ന പൊന്മുടിയിലെ ത്രീഡി തീയേറ്റർ പദ്ധതിയുമാണ് നാടിന് സമർപ്പിച്ചത്. ചെക്ക് പോസ്റ്റ് അങ്കണത്തിൽ സംഘടിപ്പിച്ച ഉദ്ഘാടന ചടങ്ങിൽ  ആന്റണി ജോൺ എം.എൽ.എ അധ്യക്ഷത വഹിച്ചു.  കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എ.എം ബഷീർ, കവളങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൈജന്റ് ചാക്കോ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ( എഫ്.ഐ.ടി) ചെയർമാൻ ആർ. അനിൽകുമാർ, പ്രിൻസിപ്പൽ ചീഫ്  കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് നോയൽ തോമസ്, ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (കോട്ടയം) ആർ.എസ് അരുൺ,മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ രമേശ് ബിഷ്ണോയ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പി.എം കണ്ണൻ, വാർഡ് മെമ്പർ സുഹറ ബഷീർ,  മറ്റ് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ  പങ്കെടുത്തു.

# ഡെസ്റ്റിനേഷൻ ചലഞ്ച് : മാണിക്യമംഗലം തുറയോട് ചേർന്ന് ഓപ്പൺ ജിമ്മും പാർക്കും വരുന്നു



**കൊച്ചി:** സംസ്ഥാന ടൂറിസം വകുപ്പിന്റെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ ഭാഗമായി കാലടി ഗ്രാമപഞ്ചായത്തിലെ മാണിക്യമംഗലം തുറയോട് ചേർന്ന് ഓപ്പൺ ജിമ്മും പാർക്കും വരുന്നു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും ഒരു വിനോദസഞ്ചാരകേന്ദ്രമെങ്കിലും വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ടൂറിസം വകുപ്പ് പദ്ധതി നടപ്പിലാക്കുന്നത്. കാലടി മഞ്ഞപ്ര റോഡിൽ മാണിക്യമംഗലം തുറയോട് ചേർന്ന സ്ഥലത്ത് ഓപ്പൺ ജിമ്മും പാർക്കും നിർമ്മിക്കുന്നതിന് 1,07,85,000 രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. റോജി എം ജോൺ എം.എൽ.എയുടെ ഫണ്ടിൽ നിന്നും 49.15ലക്ഷം രൂപയും, ടൂറിസം വകുപ്പിന്റെ 48.85ലക്ഷം രൂപയും, കാലടി ഗ്രാമപഞ്ചായത്തിന്റെ 9.85 ലക്ഷം രൂപയും ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചിരിക്കുന്നത്.വാക്ക് വേ, ഓപ്പൺ ജിം, കുട്ടികൾക്കുള്ള വിനോദ ഉപകരണങ്ങൾ, ടോയ്‌ലറ്റ് ബ്ലോക്ക്, പ്രാദേശിക സൗന്ദര്യവൽക്കരണം, ലൈറ്റിംഗ് സംവിധാനം എന്നിവയാണ് പദ്ധതിയുടെ ഭാഗമായി പ്രദേശത്ത് നടപ്പിലാക്കുന്നത്. മാണിക്യമംഗലം തുറയുടെ വികസനവും ടൂറിസം സാധ്യതകളും വർഷങ്ങളായി പ്രദേശ വാസികളുടെ ആവശ്യമാണ്. റോജി. എം. ജോൺ എം.എൽ.എയുടെ ഇടപെടലിനെ തുടർന്നാണ് വികസനത്തിന് ആവശ്യമായ പദ്ധതി രൂപീകരിച്ചത്.ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായാണ് നിലവിൽ തുക അനുവദിച്ചിരിക്കുന്നത്. പ്രാദേശികമായി ടൂറിസം സാധ്യതകൾ വളർത്തിയെടുക്കുക ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും.

# ഓപ്പറേഷൻ ബ്രേക് ത്രൂ; പ്രവർത്തനങ്ങൾ വിലയിരുത്തി



**കൊച്ചി:** കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിയുടെ തേവര  പേരണ്ടൂർ കനാലിന്റെ (ടി.പി കനാൽ) വിവിധ ഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ നേതൃത്വത്തിൽ വിലയിരുത്തി. ഹൈക്കോടതി നിയമിച്ച അമിക്കസ് ക്യൂറിമാരായ അഡ്വ. എ.ജി. സുനിൽ കുമാർ,  അഡ്വ. ഗോവിന്ദ് പത്മനാഭൻ, അഡ്വ. സുനിൽ ജേക്കബ് ജോസ് എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു കളക്ടറുടെ സന്ദർശനം. വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി സംഘം വിലയിരുത്തി.തേവര പേരണ്ടൂർ കനാൻ അവസാനിക്കുന്ന ഭാഗം, പനമ്പിള്ളി നഗർ, കമ്മട്ടിപ്പാടം, സൗത്ത് റെയിൽ വേ സ്റ്റേഷൻ, എം.ജി റോഡ്, ഹൈക്കോടതി, കലൂർ ജംഗ്ഷൻ തുടങ്ങിയ ഭാഗങ്ങളിലാണ് കളക്ടറുടെ നേതൃത്വത്തിലുള്ള സംഘം സന്ദർശനം നടത്തിയത്. ഓരോ ഭാഗത്തെയും നിലവിലെ അവസ്ഥയും സ്വീകരിക്കുന്ന നടപടികളും കളക്ടർ ഉദ്യോഗസ്ഥരോട് ചോദിച്ചറിഞ്ഞു. നിലവിൽ നടന്നുവരുന്ന കാനാലുകളുടെയും ഓടകളുടെയും ഒഴുക്ക് സുഗമമാക്കുന്ന പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കാൻ ജില്ലാ കളക്ടർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ പോലീസും കോർപ്പറേഷനും സംയുക്തമായി നടപടി സ്വീകരിക്കും. കൊച്ചി നഗരത്തിലെ വെള്ളക്കെട്ടിന് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ  ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിലാണ് ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതി നടപ്പിലാക്കുന്നത്. ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ കെ. ഉഷ ബിന്ദുമോൾ, മൈനർ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ ബാജി ചന്ദ്രൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവരും ഒപ്പമുണ്ടായിരുന്നു.

## ഫ്ളാറ്റുകളിൽ മാലിന്യ സംസ്കരണത്തിന് സംവിധാനമൊരുക്കണം

**കൊച്ചി:** കൊച്ചിയിലെ  ഫ്ലാറ്റുകളിൽ ഉൽപാദിപ്പിപ്പിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കണമെന്ന് ജില്ലാ കളക്ടർ എൻ. എസ്. കെ. ഉമേഷ് പറഞ്ഞു. കൊച്ചി കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെട്ട ഫ്ലാറ്റുകളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഓൺലൈൻ മീറ്റിംഗിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൊച്ചി മേയർ എം. അനിൽകുമാർ യോഗത്തിൽ അധ്യക്ഷത വഹിച്ചു.ദിവസേന 100 കിലോയിൽ അധികം മാലിന്യങ്ങൾ ഓരോ ഫ്ലാറ്റിലും ഉണ്ടാക്കുന്നുണ്ട്. അവ ശേഖരിക്കുന്നതിനു  നിലവിൽ ഒരു കിലോ അജൈവ മാലിന്യത്തിന് ഏഴു രൂപയും ജൈവ മാലിന്യത്തിന് അഞ്ചു രൂപയുമാണ് കോർപ്പറേഷൻ നിയമപ്രകാരം ഈടാക്കുന്നത്. എന്നാൽ സർക്കാർ നിർദ്ദേശമനുസരിച്ച് ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസാരിക്കാനുള്ള സംവിധാനം ഒരുക്കണം. അതിനായി ഫ്ലാറ്റുടമകൾക്ക് ബയോ ഗ്യാസ് ഉൾപ്പടെ ഉള്ള മാലിന്യ സംസ്കരണ രീതികൾ സ്വീകരിക്കാം. അതുവരെ നഗര സഭയിൽ ശുചിത്വമിഷൻ അംഗീകാരം നൽകിയ ഏജൻസികൾ മാലിന്യങ്ങൾ ഫ്ലാറ്റുകളിൽ നിന്നും ശേഖരിക്കുമെന്ന് മേയർ പറഞ്ഞു.കൊച്ചി സിറ്റി പോലീസ് കമ്മീഷണർ കെ. സേതുരാമൻ, കോർപ്പറേഷൻ സെക്രട്ടറി എം. ബാബു അബ്ദുൾ ഖാദർ, ഹെൽത്ത് ഓഫീസർ ഡോ. ശശികുമാർ, വിവിധ ഫ്ലാറ്റ് ഉടമകൾ, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## ടെണ്ടർ ക്ഷണിച്ചു

**കൊച്ചി:** ജില്ലാ വികസനകാര്യ കമ്മീഷ്ണറുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് വാഹനം ലഭ്യമാക്കാൻ ടെണ്ടർ ക്ഷണിച്ചു.  റെനോൾട്ട് ഡസ്റ്റർ / മാരുതി സിയാസ് എന്നീ മോഡലിൽ ഉള്ള വാഹനമാണ് ആവശ്യം. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തിയതി മെയ് 18 രാവിലെ 11 വരെ. ജില്ലാ വികസനകാര്യ കമ്മീഷ്ണറുടെ ഓഫീസ്, സിവിൽ സ്റ്റേഷൻ, കാക്കനാട്  എന്ന വിലാസത്തിൽ മുദ്ര വച്ച കവറിലാണ് ടെണ്ടർ സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് 0484 2993641 എന്ന നമ്പറിൽ ബന്ധപ്പെടുക.

## പൊഖ്റാൻ ആണവ പരീക്ഷണം സാങ്കേതികവിദ്യയുടെ വലിയ കാൽവെയ്പ്പ്



**കൊച്ചി:** സാങ്കേതികവിദ്യയുടെ വലിയൊരു കാൽവയ്പ്പാണ് പൊഖ്റാൻ ആണവ പരീക്ഷണമെന്ന് കേരള എക്സ് സർവീസ്മെൻ വെൽഫയർ അസോസിയേഷൻ ജനറൽ സെക്രട്ടറി റിട്ട. മേജർ കെ.ടി ഉണ്ണികൃഷ്ണൻ പറഞ്ഞു. പൊഖ്റാനിൽ ആണവ പരീക്ഷണം നടത്തിയതിന്റെ 25ാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച 'ജൻ ഭാഗീധാരി' പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ സൈനിക ബോർഡ് വൈസ് പ്രസിഡന്റ് റിട്ട. കേണൽ എം.ഒ ഡാനിയൽ അധ്യക്ഷത വഹിച്ചു. രാജ്യത്തിന്റെ പുരോഗതിയാണ് സൈനികരുടെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. സാങ്കേതികവിദ്യയിൽ രാജ്യം ഇനിയും പുരോഗതി കൈവരിക്കാൻ യുവതലമുറ ലോകത്തിന് ഉപകാരപ്രദമായ കുപിടിത്തങ്ങൾ നടത്തട്ടെയെന്നും അദ്ദേഹം പറഞ്ഞു.1998 ലെ ആണവ പരീക്ഷണം വിജയിച്ചതിന്റെ ഭാഗമായി മെയ് 11ന് ആചരിക്കുന്ന ദേശീയ സാങ്കേതികവിദ്യ ദിനത്തോടനുബന്ധിച്ച് ജില്ലാ സൈനിക ക്ഷേമ ഓഫീസിന്റെ ആഭിമുഖ്യത്തിൽ കാക്കനാട് സൈനിക റസ്റ്റ് ഹൗസിലാണ് ജൻ ഭാഗീധാരി പരിപാടി സംഘടിപ്പിച്ചത്. ജില്ലാ സൈനികക്ഷേമ ഓഫീസർ റിട്ട. ലെഫ് കേണൽ വി.ജെ റീത്താമ്മ, മുൻ എയർഫോഴ്സ് ഉദ്യോഗസ്ഥരായ എം.എൻ അപ്പുക്കുട്ടൻ, ബി മധുസൂദനൻ പിള്ള, മുൻ നേവി ഉദ്യോഗസ്ഥൻ വിമൽ കുമാർ, ജില്ലാ സൈനികക്ഷേമ ഓഫീസർ വി സുധാകരൻ എന്നിവർ പങ്കെടുത്തു.

## സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ തുറന്നു



**കൊച്ചി:** ആലങ്ങാട് ഗ്രാമ പഞ്ചായത്തിലെ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ പഞ്ചായത്ത് പ്രസിഡന്റ് പി.എം മനാഫ് ഉദ്ഘാടനം ചെയ്തു. പൊതുജനങ്ങൾക്കുള്ള സമ്പൂർണ്ണ വിവരവിനിമയ കേന്ദ്രമായ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലാണ് പ്രവർത്തനമാരംഭിച്ചത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ വകുപ്പുകൾ, ഏജൻസികൾ, സർവ്വകലാശാലകൾ, ഭരണഘടനാ സ്ഥാപനങ്ങൾ എന്നിവ മുഖേന എല്ലാ സേവനങ്ങളുടെയും വിവരങ്ങൾ പൊതുജനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കുകയാണ് സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകളുടെ ലക്ഷ്യം. 'ഒപ്പമു് ഉറപ്പാണ്' എന്ന ടാഗ് ലൈനോടെയാണ് സെന്റർ പ്രവർത്തിക്കുന്നത്. ഉദ്ഘാടനച്ചടങ്ങിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലത പുരുഷൻ അധ്യക്ഷത വഹിച്ചു. ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.ആർ രാധാകൃഷ്ണൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സുനി സജീവൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വിൻസന്റ് കാരിക്കശ്ശേരി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# കാര്യക്ഷമത ഉറപ്പാക്കാൻ സപ്ലൈകോ; ഇ.ആർ.പി, ഇ ഓഫീസ് സംവിധാനം




**കൊച്ചി:** സേവനം പരമാവധി കാര്യക്ഷമവും സുതാര്യവുമാക്കാൻ ലക്ഷ്യമിട്ട് സപ്ലൈകോയിൽ എൻറർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്(ഇ.ആർ.പി), ഇഓഫീസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നു. ഇവയുടെ ഉദ്ഘാടനം ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ മന്ത്രി അഡ്വ. ജി.ആർ. അനിൽ മെയ് 15ന് രാവിലെ 9.30ന് സപ്ലൈകോയുടെ കടവന്ത്ര കേന്ദ്ര കാര്യാലയത്തിൽ നിർവഹിക്കും.സപ്ലൈകോയുടെ 1630ലധികം വിൽപ്പനശാലകൾ, 56 ഡിപ്പോകൾ, അഞ്ചു മേഖലാ ഓഫീസുകൾ എന്നിവയെ സമഗ്ര രൂപരേഖയുടെ അടിസ്ഥാനത്തിൽ കംപ്യൂട്ടർ നെറ്റ് വർക്കിലൂടെ ബന്ധിപ്പിച്ചാണ് ഇ.ആർ പി സംവിധാനം നടപ്പാക്കുന്നത്. കൃത്യമായ ഏകോപനവും ഡാറ്റാ സുരക്ഷയും ഉറപ്പാക്കുന്ന ഇ.ആർ.പി, വിതരണ ശൃംഖലയുടെ ഏകോപനം സുഗമമാക്കുന്നതിനും അതുവഴി ഉപഭോക്താക്കൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനും ഉപകരിക്കും. സ്റ്റോക്ക്, വില്പന , വരുമാനം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ വിൽപ്പനശാലകളിലെ കമ്പ്യൂട്ടറുകളിൽ തന്നെയാണ് നിലവിൽ സൂക്ഷിക്കുന്നത്. ഈ വിവരങ്ങൾ തത്സമയം ലഭ്യമല്ലാത്തത് അവശ്യ സാഹചര്യങ്ങളിൽ അടിയന്തര ഇടപെടലുകൾ നടത്തുന്നതിന് തടസമാകുന്നുണ്ട്. ഈ സ്ഥിതിയിൽ മാറ്റമുണ്ടാക്കുന്നതിനും പുതിയ സംവിധാനം സഹായകമാകും. വിവിധ ആവശ്യങ്ങൾക്കായി മുപ്പതോളം സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്ന നിലവിലെ സ്ഥിതിക്കും ഇതോടെ മാറ്റമാകും. കേന്ദ്ര കാര്യാലയത്തിലെ ഫയൽ നീക്കം ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റിഇ ഓഫീസ് ഏർപ്പെടുത്തുന്നതിലൂടെ പ്രവർത്തനത്തിൽ സമ്പൂർണ സുതാര്യത ഉറപ്പാക്കാൻ കഴിയും. ഉദ്ഘാടന ചടങ്ങിൽ ടി ജെ വിനോദ് എംഎൽഎ അധ്യക്ഷത വഹിക്കും. മേയർ എം അനിൽകുമാർ, ഹൈബി ഈഡൻ എംപി എന്നിവർ വിശിഷ്ടാതിഥികളാവും. ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി പി.എം. അലി അസ്ഗർ പാഷ മുഖ്യപ്രഭാഷണം നടത്തും. സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ശ്രീറാം വെങ്കിട്ടരാമൻ സംസാരിക്കും.നഗരസഭ കൗൺസിലർ ബിന്ദു ശിവൻ, രാഷ്ട്രീയ പാർട്ടികളുടെയും സംഘടനകളുടെയും പ്രതിനിധികളായ കെ എം ദിനകരൻ, മുഹമ്മദ് ഷിയാസ്, മണി സി,ബാബു ജോസഫ്, കെ.എ. അബ്ദുൾ മജീദ്, കെ.എസ്. ഷൈജു, പി. രാജു, എൻ.എ. മണി, ആർ. വിജയകുമാർ, ടി. നസറുദ്ദീൻ, അനിൽകുമാർ എസ്, സതീഷ് കുമാർ ആർ വി, ഷിജു കെ. തങ്കച്ചൻ, ജില്ലാ സപ്ലൈ ഓഫീസർ ബി ജയശ്രീ, സപ്ലൈകോ അഡീഷണൽ ജനറൽ മാനേജർമാരായ പി.ടി സൂരജ്, ആർ.എൻ. സതീഷ്, ഷീബ ജോർജ്, സപ്ലൈകോ ജീവനക്കാർ തുടങ്ങിയവർ പങ്കെടുക്കും.സപ്ലൈകോയുടെ സംസ്ഥാനതല സ്കൂൾ ഫെയർ മെയ് 15ന് ഗാന്ധിനഗർ ഹൈപ്പർമാർക്കറ്റിൽ മന്ത്രി ഉദ്ഘാടനം ചെയ്യും. നോട്ട്ബുക്കുകൾ, സ്കൂൾ ബാഗുകൾ തുടങ്ങി സ്കൂൾ വിദ്യാർഥികൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈകോ ഹൈപ്പർമാർക്കറ്റുകളിലും സൂപ്പർമാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും മെയ് 15 മുതൽ ലഭ്യമാകും.

# കേരളത്തെ നവവൈജ്ഞാനിക സമൂഹമാക്കും : മന്ത്രി ഡോ. ആർ. ബിന്ദു



**കൊച്ചി:** കേരളത്തെ നവവൈജ്ഞാനിക സമൂഹമാക്കി മാറ്റുവാനുള്ള സർക്കാരിന്റെ ശ്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്ന് ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള നൂറ് ദിന കർമ്മപരിപാടികളുടെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു ഡോ. ആർ. ബിന്ദു. കൂടിയാട്ടം ഡിജിറ്റലൈസേഷൻ, ക്രിയേറ്റീവ് ലിറ്ററേച്ചർ ഡെവലപ്മെന്റ് ഇൻ സാൻസ്ക്രിറ്റ്, സർവ്വകലാശാലയിൽ പുതുതായി ആരംഭിക്കുന്ന സെന്റർ ഫോർ അക്കാദമിക് റൈറ്റിംഗ് എന്നിവയുടെ ഉദ്ഘാടനവും കേരള നോളജ് സീരീസിൽ പ്രസിദ്ധീകരിക്കുന്ന മൂന്ന് പുസ്തകങ്ങളുടെ പ്രകാശനവും മന്ത്രി നിർവ്വഹിച്ചു. കാലാനുസൃതമായ രീതിയിൽ പൈതൃക വിജ്ഞാനത്തെ ജനങ്ങൾക്ക് ലഭ്യമാക്കണം. ഈ വിജ്ഞാനവ്യാപനം നടത്തുവാനുള്ള ഉത്തരവാദിത്തം സർവ്വകലാശാലകൾ ഏറ്റെടുക്കണം. ഭാഷയും സാഹിത്യവും സംസ്കാരത്തിലേക്കുള്ള താക്കോലാണ്. സർവ്വകലാശാലകൾക്ക് പുറത്തേക്ക് വിജ്ഞാന വിതരണം നടത്തുവാനുള്ള നവീനവും ക്രിയാത്മകവുമായ പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. സമൂഹത്തിന് ദിശാബോധം നൽകുവാനുള്ള പ്രവർത്തനങ്ങൾ സർവ്വകലാശാലാതലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കും. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്തെ അന്താരാഷ്ട്ര ഹബ്ബാക്കി മാറ്റും. നമ്മുടെ സാംസ്കാരിക സമ്പത്തിനെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുമെന്നും മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. കോൺട്രിബ്യൂഷൻ ഓഫ് കേരള ടു വേദാന്തദർശന (ഡോ. വി. ശിശുപാല പണിക്കർ), കേരളത്തിന്റെ സാംസ്കാരികപരിണാമം (ഡോ. എസ്. രാജശേഖരൻ), അലങ്കാരദർശിനി ഓഫ് ഗോവിന്ദ (ഡോ. ബി. നിധീഷ് കണ്ണൻ) എന്നിവയാണ് പ്രകാശനം ചെയ്ത പുസ്തകങ്ങൾ.കാലടി മുഖ്യകേന്ദ്രത്തിലെ കൂത്തമ്പലത്തിൽ നടന്ന ചടങ്ങിൽ റോജി എം. ജോൺ എം.എൽ.എ. അധ്യക്ഷനായിരുന്നു. പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി ആമുഖ പ്രഭാഷണം നടത്തി. സിൻഡിക്കേറ്റ് അംഗം പ്രൊഫ. ഡി. സലിംകുമാർ, രജിസ്ട്രാർ പ്രൊഫ. എം.ബി. ഗോപാലകൃഷ്ണൻ, ഫിനാൻസ് ഓഫീസർ എസ്. സുനിൽ കുമാർ എന്നിവർ പ്രസംഗിച്ചു.

# അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റിന് തുടക്കം



**തിരുവനന്തപുരം:** മാധ്യമ, വിനോദ വ്യവസായ രംഗത്തെ വിദഗ്ധരും ഉദ്യോഗാർത്ഥികളും പങ്കെടുക്കുന്ന അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റിന് തുടക്കമായി. ടൂൺസ് അനിമേഷൻ സ്റ്റുഡിയോസിന്റെ ഫ് ളാഗ്ഷിപ്പ് ഇവന്റായ പരിപാടിയിൽ രണ്ട് ദിവസങ്ങളിലായി രാജ്യത്തിനകത്ത് നിന്നും പുറത്തുനിന്നുമുള്ള പ്രമുഖരാണ് പങ്കെടുക്കുന്നത്. ഫിലിം മേക്കിങ്, ഡിജിറ്റൽ ആർട്ട് വർക്ക്, ആനിമേഷൻ രംഗങ്ങളിൽ ലോകത്തെ ഏറ്റവും പുതിയ സംഭവ വികാസങ്ങളെക്കുറിച്ച് അറിയാനും, അനിമേഷൻ കലയെ ആഘോഷമാക്കാനും ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റ് ദേശീയസംസ്ഥാന ചലച്ചിത്ര പുരസ്കാര ജേതാവ് ശ്യാമപ്രസാദ് ഉദ്ഘാടനം ചെയ്തു.മാധ്യമവിനോദ രംഗത്ത്  സാങ്കേതികവിദ്യയുടെ പങ്ക് വളരെ വലുതാണെന്നും ആശയവിനിമയത്തിനും വിജ്ഞാനം പങ്കിടുന്നതിനും  അനുയോജ്യമായ ഒരു വേദിയായി എഎംഎസ് ഇന്നും തുടരുന്നതിൽ  സന്തോഷമുണ്ടെന്നും അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റ് ഉദ്ഘാടനം ചെയ്തുകൊണ്ട് ശ്യാമപ്രസാദ് പറഞ്ഞു. തൊണ്ണൂറുകളുടെ അവസാനത്തിൽ ടൂൺസ് സ്ഥാപകൻ മിസ്റ്റർ ബിൽ ഡെന്നിസുമായി പ്രവർത്തിക്കാൻ ലഭിച്ച അവസരത്തെക്കുറിച്ചും അദ്ദേഹം മനസ് തുറന്നു.ടൂൺ ബ്രൂം,  എവിഎക്സ്ആർജി  ക്രിയേറ്റീവ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്  നേപ്പാൾ  എന്നിവർ സഹസ്പോൺസർമാകുന്ന സമ്മിറ്റിന്  മീഡിയ ആൻഡ് എന്റർടൈൻമെന്റ് സ്കിൽസ് കൗൺസിൽ, അസോസിയേഷൻ ഇന്റർനാഷണലെ ഡു ഫിലിം ഡി ആനിമേഷൻ (ആസിഫ) ഇന്ത്യ, സൊസൈറ്റി ഓഫ്  എവിജിസി ഇന്സ്ടിട്യൂഷൻസ് ഇൻ കേരള , വിമൻ ഇൻ അനിമേഷൻ  ഇന്ത്യ കളക്ടീവ്, അനിമേഷൻ എക്സ്പ്രസ് എന്നീ സംഘടനകളുടെ പിന്തുണയുമുണ്ട്. റീ ഇമാജിനിംഗ് എന്റർടൈൻമെന്റ്: നൗ ആൻഡ് ബിയോണ്ട്' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് ഇത്തവണത്തെ സമ്മിറ്റ് സംഘടിപ്പിക്കപ്പെട്ടുന്നത്. ആദ്യദിനമായ വെള്ളിയാഴ്ച ഫ്രെയിംസ്റ്റോർ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ അഖൗരി പി സിൻഹ, സ്പാനിഷ് ചലച്ചിത്ര സംവിധായകനും നിർമ്മാതാവുമായ ഡാമിയൻ പെരേയ, പ്രശസ്ത വോയ്സ് ഓവർ ആർട്ടിസ്റ്റായ ദർപൻ മേത്ത, പൂനെ ഇന്ത്യൻ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഡീനും അസിസ്റ്റന്റ് പ്രഫസറുമായ ഡോ. മിലിന്ദ് ദാംലെ എന്നിവരാണ് ഡെലിഗേറ്റ്സുമായി സംവദിച്ചത്. വിനോദ രംഗത്തെ മാറ്റങ്ങളും മുന്നിലുള്ള വലിയ സാധ്യതകളും വ്യക്തമാക്കുന്നതായിരുന്നു സെഷനുകൾ. ടൂൺസിന്റെ സ്ഥാപകരിലൊരാളും അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റിന് പിന്നിലെ ശിൽപിയുമായ ബിൽ ഡെന്നിസിന് മരണാനന്തര ബഹുമതിയായി 'ലെജൻഡ് ഓഫ് ദി ഇന്ത്യൻ ആനിമേഷൻ' പുരസ്കാരം നൽകി ഉദ്ഘാടന ചടങ്ങിൽ ആദരിച്ചു. മാധ്യമവിനോദ രംഗത്തെ പ്രമുഖരെ ഒന്നിച്ചുകൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ ലാഭേച്ഛയില്ലാതെ സംഘടിപ്പിക്കപ്പെടുന്ന പരിപാടിയാണ് അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റ്.1999ൽ ടൂൺസ് ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ അനിമേഷൻ കലയ്ക്കുവേണ്ടിയും ഈ രംഗത്തെ സർഗാത്മക സമൂഹത്തിനുവേണ്ടിയും സംഘടിപ്പിച്ച ഇന്ത്യയിലെ ആദ്യത്തെ പരിപാടിയാണ് അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റെന്ന് ടൂൺസ് സിഇഒ പി ജയകുമാർ പറഞ്ഞു. അനിമേഷൻ, വിഷൽ എഫക്ട്സ്, ഗെയ്മിംഗ്, കോമിക് (എവിജിസി) രംഗത്തെ പ്രഗത്ഭരെ ഇന്ന് സമ്മിറ്റ് പ്രതിനിധാനം ചെയ്യുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

# 'ഗുരുവായൂർ അമ്പലനടയിൽ' തുടങ്ങി



**കൊച്ചി:** ജയ ജയ ജയ ജയഹേ എന്ന സൂപ്പർ ഹിറ്റ് ചിത്രത്തിനു ശേഷംപൃഥ്വിരാജ് സുകുമാരൻ, ബേസിൽ ജോസഫ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി വിപിൻദാസ് സംവിധാനം ചെയ്യുന്ന 'ഗുരുവായൂർ അമ്പലനടയിൽ' എന്ന പുതിയ ചിത്രത്തിന്റെ പൂജയും സ്വിച്ചോൺ കർമ്മവും ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രനടയിൽ വെച്ച് നിർവ്വഹിച്ചു.പൃഥ്വിരാജ് പ്രൊഡക്ഷൻസിന്റെ ബാനറിൽ സുപ്രിയ മേനോൻ, ഇഫോർ എന്റർടൈൻമെന്റ് ബാനറിൽ മുകേഷ് ആർ മേത്ത, സി വി സാരഥി എന്നിവർ  ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിൽനിഖില വിമൽ, അനശ്വര രാജൻ, യോഗി ബാബു, ജഗദീഷ്, രേഖ, ഇർഷാദ്,സിജു സണ്ണി, സഫ്‌വാൻ, കുഞ്ഞികൃഷ്ണൻ മാസ്റ്റർ, മനോജ് കെ യു തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു. ഛായാഗ്രഹണം നീരജ് രവി നിർവഹിക്കുന്നു.'കുഞ്ഞിരാമായണ'ത്തിനു ശേഷം ദീപു പ്രദീപ് രചന നിർവഹിക്കുന്ന ചിത്രമാണ് 'ഗുരുവായൂർ അമ്പലനടയിൽ'.ലൈൻ പ്രൊഡ്യൂസർഹാരിസ് ദേശം,എഡിറ്റർ ജോൺ കുട്ടി,സംഗീതം അങ്കിത് മേനോൻ,പ്രൊഡക്ഷൻ കൺട്രോളർറിനി ദിവാകർ,ആർട്ട് ഡയറക്ടർ സുനിൽ കുമാർ, കോസ്റ്റ്യൂം ഡിസൈനർ അശ്വതി ജയകുമാർ,മേക്കപ്പ്സുധി സുരേന്ദ്രൻ, സൗ ഡിസൈനർ അരുൺ എസ് മണി, ചീഫ് അസോസിയേറ്റ് ഡയറക്ടർശ്രീലാൽ, സെക്കന്റ് യൂണിറ്റ് ക്യാമറഅരവിന്ദ് പുതുശ്ശേരി, ഫിനാൻസ് കൺട്രോളർകിരൺ  നെട്ടയിൽ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് അനീഷ് നന്ദിപുലം, വിനോഷ് കൈമൾ, സ്റ്റിൽ ജസ്റ്റിൻ, പി ആർ

# മാതൃദിനാഘോഷവുമായി ഒ ബൈ താമര

**തിരുവനന്തപുരം:** മാതൃദിനത്തോടനുബന്ധിച്ച് വ്യത്യസ്ത ഭക്ഷണ അനുഭവമൊരുക്കി ഒ ബൈ താമര. വൈദഗ്ധ്യം തെളിയിച്ച ഷെഫുമാരുടെ സഹായത്തോടെ നിങ്ങളുടെ അമ്മമാരുടെ ഇഷ്ട വിഭവമൊരുക്കി അവർക്ക് സമ്മാനിക്കുന്നതിനുള്ള അവസരമാണ് ഇതിലൂടെ ലഭിക്കുന്നത്. മെയ് 14ന് രാവിലെ 11.30 മുതൽ വൈകുന്നേരം 4.00 വരെ  നടക്കുന്ന പരിപാടിയിൽ പൊതുജനങ്ങൾക്ക് പാചക വൈദഗ്ദ്ധ്യം പ്രദർശിപ്പിക്കുന്നതിനൊപ്പം സ്വാധിഷ്ടമായ ബ്രഞ്ച് ആസ്വധിക്കുന്നതിനും സാധിക്കും. കുക്കിംഗ് സ്റ്റേഷന് 500 രൂപയും, ബ്രഞ്ചിന് 1899 രൂപ + ജിഎസ്ടി യുമാണ്. മുൻകൂർ ബുക്കിംഗിന് +91 4717100111 / +91 4716660888 എന്ന നമ്പരിൽ ബന്ധപ്പെടുക.

O by TAMARA

# ജിയോ സിനിമയുടെ  ജീതോ ധൻ ധനാ ധൻ മത്സരം: മലയാളിക്ക് കാർ സമ്മാനം

## കാർ ലഭിച്ചത് എറണാകുളം സ്വദേശി ആഷ്‌ലി ഫെർണാണ്ടസിന്

**കൊച്ചി:** ജിയോ സിനിമയിലെ ഐ പി ൽ കാഴ്ചക്കാർക്കായി നടത്തുന്ന ജീതോ ധൻ ധനാ ധൻ മത്സരത്തിൽ മലയാളി ഉൾപ്പെടെ പുതിയ ഒമ്പത് വിജയികൾ കൂടി. രാജ്യത്തുടനീളം 45 പേർ  ഇതിനകം ഈ മത്സരത്തിലൂടെ കാറുകൾ സമ്മാനമായി നേടി. . ഏപ്രിൽ 8 ന് ആരംഭിച്ച  ജീതോ ധൻ ധനാ ധൻ മത്സരത്തിൽ 61  കോടി ആളുകൾ ഇതിനകം പങ്കെടുത്തു.എറണാകുളം സ്വദേശി ആഷ്‌ലി ഫെർണാണ്ടസാണ് കാർ സമ്മാനമായി ലഭിച്ച മലയാളി. മെയ് 4 നു നടന്ന ഹൈദരാബാദ് കൊൽക്കത്ത മത്സരത്തിൽ നിന്നാണ് ആഷ്‌ലിക്ക് സമ്മാനം നേടാനായത്.തെലങ്കാന, മഹാരാഷ്ട്ര, ഹിമാചൽ പ്രദേശ്, പഞ്ചാബ്, കർണാടക, ഛത്തീസ്ഗഢ്, മധ്യപ്രദേശ്, ഗുജറാത്ത് എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് ഈ ആഴ്ചയിലെ മറ്റ് വിജയികൾ. മെയ് 4 നും 10 നും ഇടയിൽ നടന്ന മത്സരങ്ങളുടെ വിജയികളെയാണ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്.ജിയോസിനിമയിൽ ടാറ്റ ഐപിഎൽ കാഴ്ചക്കാരുടെ അനുഭവം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാണ് ജീതോ ധനാ ധനിലൂടെ  ലക്ഷ്യമിടുന്നത്. ഓരോ മത്സരത്തിലും  കാഴ്ചക്കാർക്ക് സ്മാർട്ട് വാച്ചുകൾ, ബ്ലൂടൂത്ത് സ്പീക്കറുകൾ, വയർലെസ് ഇയർഫോണുകൾ എന്നിവ പോലുള്ള സമ്മാനങ്ങളും എല്ലാ മത്സരത്തിലും ഒരു കാർ വിജയിക്കാനുള്ള അവസരവും വാഗ്ദാനം ചെയ്യുന്നു.മത്സരത്തിൽ പങ്കെടുക്കാനായി കാഴ്ചക്കാർ പോർട്രെയിറ്റ് മോഡിൽ ഫോൺ പിടിക്കേണ്ടതുണ്ട്. സ്ക്രീനിന്റെ അടിയിൽ ഒരു ചാറ്റ് ബോക്സ് തുറക്കും, അവിടെ നാല് ഓപ്ഷനുകൾക്കൊപ്പം ഓരോ ഓവറിനും മുമ്പായി ചോദ്യം ദൃശ്യമാകും. മത്സരത്തിൽ ഏറ്റവും ശരിയായ ഉത്തരങ്ങൾ നൽകുന്ന കാഴ്ചക്കാർക്ക് സമ്മാനങ്ങൾ നേടാനും സാധിക്കും.




# മാതൃദിനം ആഘോഷമാക്കാൻ ഹയാത്ത് റീജൻസി തിരുവനന്തപുരം

**തിരുവനന്തപുരം:** അമ്മയ്ക്കായി ഒരു സ്വാദിഷ്ടമായ വിഭവം തയ്യാറാക്കി മാതൃദിനം ആഘോഷിക്കാൻ അവസരം ഒരുക്കി ഹയാത്ത് റീജൻസി തിരുവനന്തപുരം.  മെയ് 14ന് ഉച്ചയ്ക്ക് 12:30 മുതൽ 3:00 വരെ മുൻകൂർ ബുക്ക് ചെയ്ത് നിങ്ങളുടെ ഉള്ളിലെ ഷെഫിന്റെ പാചക വൈദഗ്ധ്യം പ്രകടിപ്പിക്കുന്നതോടൊപ്പം നിങ്ങളുടെ അമ്മയ്ക്ക് വേി ഈ ദിവസം പ്രത്യേകമാക്കാനും സാധിക്കും.അഡ്വാൻസ് ബുക്കിങ്ങിനൊപ്പം നിങ്ങൾ പാചകം ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രത്യേക വിഭവത്തിന്റെ വിവരങ്ങളും അതോടൊപ്പം പങ്കിടേോണ്. റിസർവേഷനുകൾക്ക്: +91 6238600446

# സംസ്ഥാനത്ത് ചെറുധാന്യങ്ങളുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കും: മന്ത്രി പി പ്രസാദ്

**കൊച്ചി:** കർഷകരെ സഹായിക്കുന്നതിനൊപ്പം ആരോഗ്യ സംരക്ഷണം കൂടി കണക്കിലെടുത്ത് സംസ്ഥാനത്ത് ചെറുധാന്യങ്ങളുടെ ഉൽപാദനവും വിതരണവും വർദ്ധിപ്പിക്കുമെന്ന് കൃഷി മന്ത്രി പി പ്രസാദ് പറഞ്ഞു. അസോസിയേറ്റഡ് ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (അസോചം) സംഘടിപ്പിക്കുന്ന ദ്വിദിന മില്ലറ്റ് ഉത്സവം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കർഷകർക്ക് വിദഗ്ധ പരിശീലനത്തിനൊപ്പം മില്ലറ്റുകളുടെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനവും ഉറപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു. തരിശു നിലങ്ങളെ മില്ലറ്റ് കൃഷിക്കായി ഉപയോഗപ്പെടുത്താമെന്നും വിഷരഹിത മില്ലറ്റ് ഉൽപാദനത്തിന് കർഷകർ തയ്യാറാകണമെന്നും, കൃഷി വകുപ്പിന്റെ കേരളഗ്രോ പദ്ധതിയിലൂടെ ഇത്തരം ഉൽപ്പന്നങ്ങളുടെ വിപണനം സാധ്യമാക്കുമെന്നും മന്ത്രി ഉറപ്പുനൽകി.കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കൗൺസിൽ, കേന്ദ്രസംസ്ഥാന ഭക്ഷ്യ സംസ്കരണ മന്ത്രാലയങ്ങൾ, നബാർഡ് എന്നിവയുടെ സഹകരണത്തോടെയാണ് മില്ലറ്റ് ഉൽസവം സംഘടിപ്പിക്കുന്നത്. ഗ്രാൻഡ് തോൺടൺ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലെറ്റ്സ് റിസേർച്ച് (ഐഐഎംആർ), ന്യൂട്രിഹബ് എന്നിവയാണ് വിജ്ഞാന പങ്കാളികൾ. സമ്മേളനത്തിന്റെ ഭാഗമായുള്ള എക്സിബിഷനിൽ മില്ലെറ്റ് ഉത്പാദക സംഘടനകളുടെ സ്റ്റാളുകൾ, മില്ലെറ്റ് ഉപയോഗിച്ചുള്ള പാചക ഡെമോ എന്നിവയും നടക്കുന്നുണ്ട്. ഇതിന് പുറമേ വിൽപനക്കാരും ഉപഭോക്താക്കളും തമ്മിലുള്ള കൂടിക്കാഴ്ചകളും സമ്മേളനത്തിന്റെ ഭാഗമായി നടക്കുന്നുണ്ട്. ഇന്ന് അവസാനിക്കുന്ന മേളയിൽ രാവിലെ 11 മുതൽ വൈകീട്ട് 6 വരെ പൊതുജനങ്ങൾക്ക് പ്രദർശനത്തിലേക്ക് സൗജന്യ പ്രവേശനമുണ്ടാകും.അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മിഷണറും പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ. ബി. അശോക്, കേന്ദ്ര ഭക്ഷ്യസംസ്കരണ വകുപ്പ് സ് അണ്ടർ സെക്രട്ടറി ശ്രീമതി ഘോഷ്, , സിഎസ്ഐആർ എൻഐഐഎസ്ടി ഡയറക്ടർ ഡോ. സി. അനന്തരാമകൃഷ്ണൻ, നബാർഡ് കേരള ചീഫ് ജനറൽ



മാനേജർ ഡോ. ഗോപകുമാരൻ നായർ ജി, ഗ്രാൻഡ് തോൺടൺ ഭാരത് പാർട്ണർ പ്രൊഫ. വി. പത്മാനന്ദ്, അസോചം കേരള ചെയർമാൻ രാജാ സേതുനാഥ്, റെറ ചെയർമാൻ പി.എച്ച്. കുര്യൻ, അസോചം അസിസ്റ്റന്റ് സെക്രട്ടറി പൂജ അൽവാലിയ, അസോചം റീജിയണൽ ഡയറക്ടർ ഉമ നായർ തുടങ്ങിയവർ ഉദ്ഘാടനച്ചടങ്ങിൽ സംസാരിച്ചു. സംസ്ഥാനത്ത് ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം ഉൾപ്പെടെ ആവശ്യമായ വ്യാവസായിക അന്തരീക്ഷം ഒരുക്കുന്നതിനെക്കുറിച്ചും, കൃഷി വ്യാപിപ്പിക്കുന്നതിനും വിളവ് വർധിപ്പിക്കുന്നതിനും സംസ്ഥാനത്ത് ഇവയുടെ ഉപഭോഗം വർധിപ്പിക്കുന്നതിനുമുള്ള മാർഗങ്ങൾ ആരായുന്നതിനെക്കുറിച്ചുള്ള പാനൽ ചർച്ചയും നടന്നു. വിവിധ സംസ്ഥാനങ്ങളിലെ മില്ലെറ്റ് കൃഷി രീതികൾ, കർഷക കൂട്ടായ്മകളിലൂടെ മില്ലെറ്റുകളുടെ മൂല്യശൃംഖല ശക്തിപ്പെടുത്തൽ, മൂല്യവർധനവിലൂടെ ആവശ്യകത വർധിപ്പിക്കുക, ഈ രംഗത്തെ സ്റ്റാർട്ടപ്പുകളുടെ ഇൻക്യുബേഷൻ തുടങ്ങിയ വിഷയങ്ങൾ രണ്ടാം ദിവസം ചർച്ചയാകും. സമാപനചടങ്ങിൽ വ്യവസായമന്ത്രി പി. രാജീവ് വിശിഷ്ടാതിഥിയാകും. ഹൈബി ഈഡൻ എംപി, തൃശൂർ ജില്ലാ കളക്ടർ കൃഷ്ണ തേജ തുടങ്ങിയവർ പങ്കെടുക്കും.

# സൗജന്യ ഹിയറിങ് എയ്ഡ് വിതരണം ഇന്ന്

**കൊച്ചി :** ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ കൊച്ചിൻ ശാഖയിൽ സൗജന്യ ഹിയറിങ് എയ്ഡ് വിതരണത്തിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 11ന് മന്ത്രി പി.രാജീവ് നിർവ്വഹിക്കും. കളമശ്ശേരി നിയോജകമണ്ഡലത്തിൽ മന്ത്രി പി.രാജീവ് ഐ.എം.എ കൊച്ചിൻ ശാഖ, ബി.പി.സി.എൽ കൊച്ചി റിഫൈനറി എന്നിവരുമായി സഹകരിച്ച് നടത്തിയ ഒപ്പം മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവരിൽ നിന്നും തിരഞ്ഞെടുത്ത 53 പേർക്കാണ് ഇന്ന് സൗജന്യമായി ഹിയറിങ് എയ്ഡ് നൽകുന്നത്. ചടങ്ങിൽ ഐ.എം.എ കൊച്ചിൻ പ്രസിഡന്റ് ഡോ. എസ്. ശ്രീനിവാസ കമ്മത്ത് അദ്ധ്യക്ഷത വഹിക്കും. ഏലൂർ മുനിസിപ്പൽ ചെയർമാൻ എ.ഡി.സുജിൽ, ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യാ തോമസ്, കളമശ്ശേരി മുനിസിപ്പൽ ചെയർപേഴ്സൺ സീമ കണ്ണൻ, ആലങ്ങാട് പഞ്ചായത്ത് പ്രസിഡന്റ് പി.എം.മനാഫ്, കടുങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മുട്ടത്തിൽ, കരുമാലൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീലതാ ലാലു, കുന്നുകര പഞ്ചായത്ത് പ്രസിഡന്റ് സൈന ബാബു, സ്വരൂപ് ചാരിറ്റബിൾ ഫൗണ്ടേഷൻ ഡയറക്ടർ സുരേഷ് ജി പിള്ള, ഡോ. എം.ഐ.ജുനൈദ് റഹ്മാൻ, ഡോ. എം.എം.ഹനീഷ് എന്നിവർ പ്രസംഗിക്കു.

# ദിലീപ്, രതീഷ് രഘുനന്ദൻ ചിത്രം സെക്കൻഡ് ഷെഡ്യൂൾ തുടങ്ങി

**കൊച്ചി:** സൂപ്പർ ഗുഡ് ഫിലിംസിന്റെ ബാനറിൽ ആർ ബി ചൗധരി, ഇഫാർ മീഡിയയുടെ ബാനറിൽ റാഫി മതിര എന്നിവർ ചേർന്ന് നിർമ്മിച്ച് രതീഷ് രഘുനന്ദൻ സംവിധാനം ചെയ്യുന്ന ദിലീപിന്റെ നൂറ്റിനാൽപ്പത്തിയെട്ടാമത്തെ ചിത്രത്തിന്റെ രണ്ടാം ഷെഡ്യൂൾ കട്ടപ്പനയിലും പരിസരപ്രദശങ്ങളിലുമായി ആരംഭിച്ചു. അൻപതിലധികം ദിവസം നീണ്ടുനിൽക്കുന്ന ഈ ഷെഡ്യൂളോടെ ചിത്രീകരണം പൂർത്തിയാക്കും. ഈ ഷെഡ്യൂൾ ഒരു വ്യത്യസ്ത കാലഘട്ടമായിട്ടാണ് ചിത്രീകരിക്കുകയെന്ന് രചയിതാവും സംവിധായകനുമായ രതീഷ് രഘുനന്ദൻ പറഞ്ഞു.ദിലീപിന്റെ നായികമാരായ നീത പിള്ള, പ്രണിത സുഭാഷ് എന്നിവർക്ക് പുറമേ മലയാളത്തിലേയും,തമിഴിലേയും ഒരു വൻ താരനിര ചിത്രത്തിൽ അണിനിരക്കുന്നുണ്ട്. അജ്മൽ അമീർ, സുദേവ് നായർ,സിദ്ദിഖ്, മനോജ് കെ ജയൻ, കോട്ടയം രമേഷ്, മേജർ രവി,സന്തോഷ് കീഴാറ്റൂർ,അസീസ് നെടുമങ്ങാട്,തൊമ്മൻ മാങ്കുവ,ജിബിൻ ജി, അരുൺ ശങ്കരൻ, മാളവിക മേനോൻ, രമ്യ പണിക്കർ, മുക്ത, ശിവകാമി, അംബിക മോഹൻ,സ്മിനു,എന്നിവരും, കൂടാതെ തമിഴ് താരങ്ങളായ ജോൺ വിജയ്, സമ്പത്ത് റാം എന്നിവർക്ക് പുറമേ അൻപതിലധികം ക്യാരക്ടർ ആർട്ടിസ്റ്റുകളും ചിത്രത്തിൽ അഭിനയിക്കുന്നു.കോട്ടയം സി.എം.എസ് കോളേജിൽ ജനുവരി 28 ന് ചിത്രീകരണം തുടങ്ങിയ ചിത്രം, ഈരാറ്റുപേട്ട, പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി, കൂട്ടിക്കൽ, കുട്ടിക്കാനം, പീരുമേട് എന്നിവടങ്ങളിലിയി മാർച്ച് എട്ടിനാണ് ആദ്യ ഷെഡ്യൂൾ പൂർത്തിയാക്കിയത്.ബിഗ് ബഡ്ജറ്റിൽ ഒരുങ്ങുന്ന ഈ ചിത്രത്തിൽ തെന്നിന്ത്യയിലെ പ്രഗത്ഭരായ നാല് ഫൈറ്റ് മാസ്റ്റേഴ്സ് (രാജശേഖരൻ,സ്റ്റൺ ശിവ, സുപ്രീം സുന്ദർ, മാഫിയ ശശി) സംഘട്ടന രംഗങ്ങൾ ഒരുക്കുന്നു



എന്ന പ്രത്യേകത കൂടിയുണ്ട്.രണ്ടാം ഷെഡ്യൂളിലെ ചില സുപ്രധാന രംഗങ്ങൾ ചിത്രീകരിക്കുന്നതിനായി കട്ടപ്പനയ്ക്കടുത്ത് രണ്ടരയേക്കർ സ്ഥലത്ത് ആർട്ട് ഡയറക്ടർ മനു ജഗത് വൻ സെറ്റാണ് ഒരുക്കുന്നത്. ആയിരത്തോളം ജൂനിയർ ആർട്ടിസ്റ്റുകൾ അണിനിരക്കുന്ന ചില രംഗങ്ങൾ പതിനഞ്ച് ദിവസങ്ങൾ കൊണ്ട് ഈ സെറ്റിലായിരിക്കും ചിത്രീകരിക്കുക.ഛായാഗ്രഹണം മനോജ് പിള്ള,എഡിറ്റർശ്യാം ശശിധരൻ,ഗാനരചനബി ടി അനിൽ കുമാർ,സംഗീതം വില്യം ഫ്രാൻസിസ്,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസുജിത് ജെ നായർ,പ്രൊജക്ട് ഡിസൈനർ സജിത് കൃഷ്ണ,പ്രൊഡക്ഷൻ കൺട്രോളർമോഹൻ 'അമൃത',സൗണ്ട് ഡിസൈനർ ഗണേഷ് മാരാർ,മിക്സിംഗ് ശ്രീജേഷ് നായർ,കലാസംവിധാനംമനു ജഗത്,മേക്കപ്പ്റോഷൻ,കോസ്റ്റ്യൂം ഡിസൈനർ അരുൺ മനോഹർ,സ്റ്റണ്ട്രാജശേഖർ,സ്റ്റൺ ശിവ,സുപ്രീം സുന്ദർ,മാഫിയ ശശി,പ്രോജക്ട് ഹെഡ് സുമിത്ത് ബി പിചീഫ് അസോസിയേറ്റ് ഡയറക്ടർമനേഷ് ബാലകൃഷ്ണൻ,വിഎഫ്എക്സ്എഗ്ഗ് വൈറ്റ്,സ്റ്റിൽസ് ശാലു പേയാടഡിസൈൻഅഡ്സോഫ്ആഡ്സ്,വിതരണംഡ്രീം ബിഗ് ഫിലിംസ്.ചിത്രത്തിന്റെ ടൈറ്റിൽ ഉടൻ പ്രഖ്യാപിക്കും. പി ആർ ഒ എ എസ് ദിനേശ്.

